# ആത്മമാരി

ATHMAMARY

ക്രൈസ്തവ വാർത്താ പത്രിക

2017 ജൂൺ

Volume 2 | Issue 4 | Reg.No. KERMAL/2011/14850 | Mundakayam | Annual Subscription Rs.100 | Pages:8


# ഐ.പി.സി 6-ാമത് സംസ്ഥാന കൺവൻഷൻ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ

## വിപുലമായ ഒരുക്കങ്ങൾ ആരംഭിച്ചു.

കോട്ടയം: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ 6-ാമത് കേരള സംസ്ഥാന കൺവൻഷൻ 2017 ഡിസംബർ 5 മുതൽ 10 വരെ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. കൺവൻഷന്റെ വിപുലമായ നടത്തിപ്പിനായി വിവിധ സബ് കമ്മറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. അക്ഷര നഗരിയായ കോട്ടയത്തെ ഏറ്റവും വലിയ ആത്മീയ സംഗമമായിരിക്കും എന്ന് കരുതുന്നു. കൺവൻഷന്റെ അനുഗ്രഹത്തിനായി കോട്ടയം ജില്ലയിലെ സെന്റർ തലത്തിലുള്ള പ്രാർത്ഥനകൾ ആരംഭിച്ചു. ഉപവാസ പ്രാർത്ഥന, വിളംബര ജാഥ, യുവജന സമ്മേളനം, സോദരീ സമാജം, മാധ്യമ പ്രവർത്തകരുടെ സംഗമം, ശുശ്രൂഷക സമ്മേളനം സൺഡേസ്കൂൾ ടീച്ചേഴ്സ് മീറ്റ് എന്നിവ കൺവൻഷന്റെ ഭാഗമായി നടക്കും. കോട്ടയം ഐ.പി.സി ടാബർനാക്കിൾ ഹാളിൽ നടന്ന ആലോചനായോഗത്തിൽ കൺവൻഷന്റെ നടത്തിപ്പിനായി വിവിധ കമ്മറ്റികളെ തെരഞ്ഞെടുത്തു. സംസ്ഥാന അദ്ധ്യക്ഷൻ പാസ്റ്റർ കെ.സി.തോമസ് അദ്ധ്യക്ഷത വഹിച്ച ആലോചനാ യോഗത്തിൽ സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ കൺവൻഷൻ നടത്തിപ്പിനെക്കുറിച്ച് പ്രസ്താവന നടത്തി. പാസ്റ്റർമാരായ രാജു പൂവക്കാല, സി.സി.എബ്രഹാം, ബ്രദർ ജോയി താനുവേലിൽ, ബ്രദർ ഗ്ലാഡ്സൺ ജേക്കബ് എന്നിവർ വിവിധ ചർച്ചകൾക്ക് നേതൃത്വം നൽകി. തുടർന്ന് കൺവൻഷൻ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർ കെ.സി.തോമസ് ജനറൽ കൺവീനർ, പാസ്റ്റർമാരായ കെ.ഇ.തോമസ്, സണ്ണി ജോർജ്ജ്, സഹോദരന്മാരായ ഗ്ലാഡ്സൺ ജേക്കബ് കുര്യൻ ജോസഫ് (ജനറൽ ജോയിന്റ് കൺവീനേഴ്സ്) പാസ്റ്റർമാരായ മാത്യു.പി.ഡേവിഡ്, സുരേഷ് കീഴൂർ, സുനിൽ വേട്ടമല, ടി.സി.കോശി, എം.വി. തോമസ് ജനറൽ ജോയിന്റ് കോർഡിനേറ്റേഴ്സ്

ശേഷം 2-ാം പേജ്

# ഹൈറേഞ്ചിലെ ഐ.പി.സി ശുശ്രൂഷകന്മാർക്ക് ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചു.





പാ. ജേക്കബ് ജോർജ്ജ് | പാ. വിൽസൺ ജോസഫ് | ബ്ര. ബിജു രാമക്കൽമേട്

കട്ടപ്പന: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ഹൈറേഞ്ച് മേഖലയിൽ ശുശ്രൂഷകന്മാരായി തുടരുന്നവർക്ക് ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചു. 220 ഓളം ശുശ്രൂഷകന്മാർക്കാണ് ഈ പ്രഖ്യാപനംകൊണ്ട് ഇൻഷുറൻസ് ലഭ്യമാകുന്നത്. പാസ്റ്റർ ജേക്കബ് ജോർജ്ജ് യു.കെ, പാസ്റ്റർ വിൽസൺ ജോസഫ് യു.എ.ഇ, ബ്രദർ ബിജു രാമക്കൽമേട് എന്നിവരാണ് ഈ പദ്ധതിയ്ക്ക് മുൻകൈ എടുത്തിരിക്കുന്നത്. കട്ടപ്പന ടൗൺ ഹാളിൽവച്ച് നടന്ന ഐ.പി.സി കേരളാ സ്റ്റേറ്റ് ഹൈറേഞ്ച് മിഷ്യന്റെ ഏകദിന സെമിനാറിലാണ് ഈ പ്രഖ്യാപനം നടന്നത്. പ്രസ്തുത യോഗത്തിൽ ഹൈറേഞ്ച് മിഷ്യൻ ബോർഡ് ചെയർമാൻ, പാസ്റ്റർ ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു. ഐ.പി.സികേരള സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ ഉത്ഘാടനം ചെയ്തു. ഐ.പി.സി ഷാർജാ പി.വൈ.പി.എ യും ബ്രദർ അജി കല്ലുങ്കലും ചേർന്ന് നൽകിയ വിദ്യാഭ്യാസ സഹായം തെരഞ്ഞെടുക്കപ്പെട്ട് 250 ഓളം വിദ്യാർത്ഥികൾക്ക് ഇടുക്കി എം.പി.ജോയിസ് ജോർജ്ജ് നൽകിക്കൊണ്ട് വിതരണകർമ്മം നിർവ്വഹിച്ചു. ബ്രദർ ബിജു രാമക്കൽമേട് സ്വാഗതവും, ഷിജോ ജോസഫ് പ്രവർത്തന വിശദീകരണവും നടത്തി. ഐ.പി.സി ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ് അനുഗ്രഹ പ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറാർ ജോയി താനുവേലിൽ, അജി കല്ലുങ്കൽ, തോമസ് ജോർജ്ജ് കട്ടപ്പന, സാംകുട്ടി ചാക്കോ എന്നിവർ സംസാരിച്ചു. പാസ്റ്റർമാരായി സുനിൽ വിജോൺ, ജിസ്മോൻ, വി.റ്റി.ജോസഫ് എന്നിവർ നേതൃത്വം നൽകി.

# സ്കോളർഷിപ്പ് നൽകി ആദരിച്ചു

കുമ്പനാട്: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കേരളാ സംസ്ഥാന കൗൺസിലിനു കീഴിലുള്ള സഭകളിൽ നിന്നും ഉയർന്ന മാർക്കുകൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ജൂൺ 13 ന് ഐ.പി.സി മാരാമൺ ബേർശേബായിൽ നടന്ന നേതൃത്വ സമ്മേളനത്തിൽവച്ച് ഐ.പി.സി മുൻസംസ്ഥാനപ്രസിഡന്റ് പാസ്റ്റർ കെ.എം.ജോസഫ് സ്കോളർഷിപ്പ് നൽകി ആദരിച്ചു. ബ്രദർ ജോയി താനുവേലിൽ നേതൃത്വം നൽകി.



ഐ.പി.സി കേരളാ സ്റ്റേറ്റ് കൗൺസിൽ നൽകുന്ന സ്കോളർഷിപ്പ് പാസ്റ്റർകെ.എം.ജോസഫ് വിതരണം ചെയ്യുന്നു. പാ. ഷിബുനെടുവേലിൽ, ബ്ര. ജോയി താനുവേലിൽ, പാ.രാജു പൂവക്കാല, പാസ്റ്റർ സി.സി.എബ്രഹാം, പാസ്റ്റർ കെ.സി.ജോൺ എന്നിവർ സമീപം

# കേരള ക്രിസ്ത്യൻ അസംബ്ലി

## രജത ജൂബിലി ആഘോഷിക്കുന്നു

കാനഡ: കാനഡയിലെ ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് സഭകളിൽ ഒന്നായ കേരള ക്രിസ്ത്യൻ അസംബ്ലി രജത ജൂബിലി വർഷത്തിലേയ്ക്കു പ്രവേശിച്ചു. കേരളത്തിൽ നിന്നും കാനഡയിൽ എത്തിച്ചേർന്ന മലയാളി പെന്തക്കോസ്ത് വിശ്വാസികളായ ചുരുക്കം ചിലർ 1992 ൽ ടൊറന്റ്റ്റോ ഒൻറാരിയോയിൽ ആരംഭിച്ച ദൈവസഭയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ വിശ്വസികൾക്ക് അനുഗ്രഹമായി. ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ബ്രദർടോം വർഗ്ഗീസ് ചെയർമാനായുള്ള വിപുലമായ ജൂബിലി കമ്മറ്റിയെ തെരഞ്ഞെടുത്തു. ചെറിയാൻ ഉണ്ണുണ്ണി (ഡയറക്ടർ- ചാരിറ്റി & വെൽഫയർ), ഏലിയാസ് പീറ്റർ (ഫിനാൻസ് ഡയറക്ടർ), എബി കരിങ്കുറ്റിയിൽ (ഡയറക്ടർ മീഡിയാ മാർക്കറ്റിംഗ്) ഷൈല തോമസ് (കമ്മ്യൂണിക്കേഷൻ ഈ വേൾഡ് ഡയറക്ടർ), ഉഷ തോമസ് (അഡ്മിനിസ്ട്രേഷൻ & ലേഡീസ് കോർഡിനേറ്റർ), ഉഷ സാം തോമസ് (പബ്ലിക് റി ലേഷൻ & സ്കോളർഷിപ്പ്)ഡാൻ തോമസ് (യൂത്ത് കോർഡിനേറ്റർ) എന്നിവരാണ് ഭാരവാഹികൾ. ജൂൺ 10 മുതൽ നവംബർ 25 വരെ ഇരുപത്തിയഞ്ച് ആവ്ചകൾ നീണ്ടുനിൽക്കുന്ന ജൂബിലി വർഷത്തിൽ വ്യത്യസ്തമായ വിവിധ കലാപരിപാടികൾ ആത്മീക ജീവകാരുണ്യ പ്രവർത്തന പദ്ധതികളും നടത്തുവാൻ തീരുമാനിച്ചതായി ചെയർമാൻ ടോം വർഗ്ഗീസ് അറിയിച്ചു. ദൈവസഭയുടെ സീനിയർ ശുശ്രൂഷകനായി ഡോ.റ്റി.പി.വർഗ്ഗീസും യൂത്ത് പാസ്റ്ററായി റവ: ജെറിൻ തോമസും പ്രവർത്തിക്കുന്നു.

# ഐ.പി.സി കേരളാസ്റ്റേറ്റ് പരിഷ്കരിച്ച ഐ.ഡി കാർഡ് വിതരണം ചെയ്തു



നവീകരിച്ച ഡിജിറ്റൽ കാർഡ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസിന്റെ പക്കൽ നിന്നും ആലപ്പുഴ ഈസ്റ്റ് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എബ്രാഹം ജോർജ്ജ് ഏറ്റുവാങ്ങുന്നു.

കുമ്പനാട്: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കേരളാ സ്റ്റേറ്റ് നവീകരിച്ച ഐ.ഡി കാർഡുകളുടെ വിതരണം ആരംഭിച്ചു. 2017 മെയ് 9 ന് കുമ്പനാട് സംസ്ഥാന കൗൺസിൽ മീറ്റിംഗിനോട് അനുബന്ധിച്ച് നടന്ന പ്രത്യേക ചടങ്ങിൽ സംസ്ഥാന അദ്ധ്യക്ഷൻ പാസ്റ്റർ കെ.സി.തോമസ് കാർഡ് വിതരണത്തിന്റെ ഔദ്യോഗിക ഉത്ഘാടനം നിർവ്വഹിച്ചു. പ്രഥമ കാർഡ് സംസ്ഥാന സെക്രട്ടറി പാസ്റ്റർഷിബു നെടുവേലിയിൽ നിന്നും പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് ഏറ്റുവാങ്ങി. സെന്റർ ശുശ്രൂഷകന്മാർക്കായുള്ള പ്രഥമ കാർഡ് ആലപ്പുഴ ഈസ്റ്റ് സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എബ്രഹാം ജോർജ്ജ് ഏറ്റുവാങ്ങി. പരിഷ്കരിച്ച ഐ.ഡി കാർഡുകൾക്കുവേണ്ടി എല്ലാ ശുശ്രൂഷകന്മാരും അതാത് സെന്റർ വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാ സമർപ്പണം പുരോഗമിക്കുന്നതായി സംസ്ഥാന സെക്രട്ടറി അറിയിച്ചു. ബാർകോഡിംഗ് ഉള്ള പുതിയ കാർഡുകൾ ശുശ്രൂഷകന്മാരെ സംബന്ധിച്ച് കേന്ദ്രീകൃത കമ്പ്യൂട്ടർ പ്രോഗ്രാമുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇനിമുതൽ ശുശ്രൂഷക മീറ്റിംഗ് ഇല

ശേഷം 2-ാം പേജ്

# നീതിയെ മറിച്ചുകളയരുത്



പാസ്റ്റർ മാത്യു പി.ഡേവിഡ്
ചീഫ് എഡിറ്റർ

## എഡിറ്റോറിയൽ

എവിടെയും നീതി നിഷേധത്തിൽ സഹിക്കാനാവാതെ രോഷവും അമർഷവും പൂണ്ടജനം അനീതിയും അഴിമതിയ്ക്കും അതിന് കൊടിപിക്കുന്നവർക്കുമെതിരെ ആക്രോശശരങ്ങൾ തൊടുത്തുവിടുക മാത്രമല്ല. വിപ്ലവാത്മക പ്രവർത്തികളാൽ പ്രതികരിക്കുന്ന കാഴ്ചകൾ ദൈനംദിനം ദൃശ്യമാധ്യമങ്ങളിലൂടെ നാം കണ്ടുകൊണ്ടിരിക്കുന്ന നിത്യസംഭവങ്ങളാണ്. ഇന്ന് എവിടെയും നീതി നിഷേധിക്കപ്പെടുന്നു. രാഷ്ട്രീയ സാംസ്കാരിക തലത്തിലും അത്യാത്മീകരെന്ന് അഭിമാനം കൊള്ളുന്നു. ആത്മീക പ്രവർത്തനതലങ്ങളിലും നീതി നിർവ്വഹണത്തിനായി പ്രതിജ്ഞാബദ്ധരായി അധികാരത്തിന്റെ ചെങ്കോൽ കരഗതമാക്കിയ നേതാക്കളുടെ മുമ്പിൽ നീതിയ്ക്കായി നിലവിളിക്കുന്ന സാധുജനങ്ങളുടെ മുമ്പിൽ പകൽവെളിച്ചംപോലെ നീതി തല ഉയർത്തി നിൽക്കുമ്പോഴും പണത്തിന്റെ സ്വാധീന ശക്തിയും ഉന്നത ഇടപെടൽ മുഖാന്തിരവും നീതിയ്ക്കു പുല്ലുവില കൽപിക്കാതെ അനീതിയുടെ പക്ഷം ചേർന്ന് നീതിയെ അട്ടിമറിക്കുന്നു. ഇടനെഞ്ച് പൊട്ടിയും നിറകണ്ണുകളുമായി നീതിതേടിയുള്ള മനുഷ്യന്റെ പരക്കം പാച്ചിലിൽ അർഹമായ നീതിലഭിക്കേണ്ട കേന്ദ്രങ്ങളിൽ നിന്നുപോലും സ്വാധീന ശക്തികളുടെ സമ്മർദ്ദങ്ങളാൽ നീതി നിഷേധിക്കപ്പെടുകയും അനീതിയുടെ കാവലാളായി നിന്നുകൊണ്ട് നീതിയെ മറിച്ചുകളഞ്ഞ് മുതലെടുപ്പ് നടത്തി അരങ്ങ് തകർക്കുന്ന കാഴ്ചകൾ കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യ വസ്തുതകളാണ് മുഖ്യധാര ആത്മീക പ്രസ്ഥാനങ്ങളിലും ഈ ദുഷ്പ്രവണത പിടിമുറുക്കി കഴിഞ്ഞു. ആത്മീക പ്രസ്ഥാനങ്ങളുടെ തലപ്പത്തിരുന്ന് ഭരണചക്രം തിരിക്കുന്ന നേതാക്കന്മാരുടെ മുമ്പിൽ വരുന്ന പ്രശ്നാധിഷ്ടിതമായ വിഷയങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ പാവം ശുശ്രൂഷകന്മാർക്കും സഭയ്ക്കും ലഭിക്കേണ്ട നീതിയെ അട്ടിമറിച്ചും കൂച്ചുവിലങ്ങിട്ടും വികലമായ തീരുമാനങ്ങൾ കൈക്കൊണ്ടും നീതി നിർവ്വഹണത്തിൽ നിന്ന് വ്യതിചലിക്കുന്നു. അഴിമതിയ്ക്കും അനീതിയ്ക്കുമെതിരെ പടപൊരുതേണ്ടവർ സംയമനത്തിലൂടെ സംരക്ഷകരായി മാറുന്നു. നമ്മുടെ പൂർവ്വ പിതാക്കനാമാരുടെ കഠിനാദ്ധ്വാനത്താൽ വളർന്നുവന്ന ദൈവസഭയുടെ ആരംഭകാലഘട്ടംമുതൽ നീതിക്കുവേണ്ടി ഉറച്ചുനിന്നിട്ടുണ്ട്. നീതി നിഷേധിക്കപ്പെട്ട ജനങ്ങളുടെ ഉയർച്ചയ്ക്കും പുരോഗതിയ്ക്കുമായി പെന്തക്കോസ്ത് സഭയെ ഒരു പരിധിവരെ ദൈവം ഉപയോഗിച്ചിട്ടുണ്ട് എന്നുള്ളത് നമുക്ക് അഭിമാനാർഹമാണ്.

സമൂഹത്തിൽ ഏതൊരു മനുഷ്യന്റെയും അവകാശമാണ് നീതി അതിന്മേലുള്ള കടന്നാക്രമണത്തെ അംഗീകരിക്കുവാൻകഴിയുകയില്ല. നീതി അത് നമ്മുടെ സ്വന്ത അവകാശമാണെന്ന് കരുതി ഉണർന്ന് പ്രവർത്തിക്കുമ്പോൾ തന്നെ നീതി യാചിച്ചുവാങ്ങേണ്ട ഒന്നല്ല എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. നാം വന്നെത്തിയിരിക്കുന്ന ഈ കാലത്ത് നീതി നിർവ്വഹണത്തിൽ വന്നിട്ടുള്ള വീഴ്ചകൾ നിമിത്തം വസ്തുതപരവും നീതി പൂർവ്വവുമായ യഥാർത്ഥ മൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. അഗതികളുടെയും, പീഡിതരുടെയും നീതിക്കായി അവരിലേക്കിറങ്ങിച്ചെന്ന് തിരുവചന ഉത്ഘോഷണങ്ങളുടെ ഫലമായി സമഗ്രമായ വ്യതിയാനം സൃഷ്ടിച്ചിട്ടുണ്ട് വിപ്ലവകരമായ ഈ പരിവർത്തനം നിഷേധിക്കുവാൻ കഴിയുന്നതല്ല. നമ്മുടെ പിതാക്കന്മാർ ജീവിതാനുഭവമാക്കിയ നീതിയുടെ ഫലകരമായ ഗുണങ്ങൾ നമുക്കുമാത്രമല്ല ഭാവിതലമുറയ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. നീതി നടത്തേണ്ടവർ നീതി നിഷേധികളായി മാറുമ്പോൾ നീതിമാനേ ന്യായവിസ്താരത്തിലൂടെ നീതിപീഠത്തിന്റെ മുമ്പിൽ പരാജയപ്പെടുത്തേണ്ടതിനായി പക്ഷം നിൽക്കുന്നുവെന്നും ന്യായവിസ്താരത്തിൽ മുഖദാഷണ്യം നന്നല്ല എന്നും ശലോമോൻ പറഞ്ഞിരിക്കുന്നു. അർത്ഥവത്തായ ഈ വാക്കുകൾ കുറികൊള്ളേണ്ടതാണ്. സമൂഹത്തിലെ ചൂഷിതരും പീഡിതരുമായവരുടെ ഉദ്ധാരണവും ഉന്നമനവുമാണ് നീതി നിർവ്വഹണത്തിലൂടെ സാധ്യമാകേണ്ടത്. അപ്പോൾ തന്നെ ആത്മീക മണ്ഡലത്തിൽ പാവപ്പെട്ടവരും സമ്പത് വ്യവസ്ഥിതിയിൽ മുമ്പിൽ നിൽക്കുന്നവരും ഒരുപോലെ നീതിക്ക് അർഹരാണെന്ന് യാഥാർത്ഥ്യ ബോധമുൾക്കൊണ്ടിട്ടും പണം നോക്കിയും, മുഖം നോക്കിയും, സ്വാധീനം നോക്കിയും നീതിയെ മറിച്ചുകളയുന്നവരെ ഈ അന്യായത്തിന് ഉയരത്തിലെ ന്യായാധിപന്റെ മുമ്പിൽ നിന്ന് ഒരു വിധി ഉണ്ടാകും നിശ്ചയം.

തുടർച്ച 1-ാം പേജ്

### ഐ.പി.സി 6-ാമത് സംസ്ഥാന കൺവൻഷൻ...

പാസ്റ്റർ സുധീർ വർഗ്ഗീസ് (പ്രാർത്ഥന) പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ (മ്യൂസിക്) പാസ്റ്റർ ബെൻസൺ തോമസ് (രജിസ്ട്രേഷൻ), ബ്രദർ രാജു മാത്യു (പന്തൽ) പാസ്റ്റർ എബ്രഹാം ജോർജ്ജ് (ഫുഡ്), പാസ്റ്റർ സണ്ണി എബ്രഹാം (പബ്ലിസിറ്റി), സജി മത്തായി കാതേട്ട് (മീഡിയ) തോമസ് ഫിന്നി (ലൈറ്റ് & സൗണ്ട്) പാസ്റ്റർ ജോൺ റിച്ചാർഡ് (അക്കോമഡേഷൻ) പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ (വിജിലൻസ് & പാർക്കിംഗ്) പാസ്റ്റർ ചാക്കോ ദേവസ്യാ (വോളന്റിയേഴ്സ്), ബിജു രാമക്കൽമേട് (ട്രാൻസ്പോർട്ടേഷൻ) ബ്രദർ ജോയി താനുവേലിൽ (ഫൈനാൻസ്), ബ്രദർ ബെന്നി പുള്ളോലിക്കൽ (റിസപ്ഷൻ) പാസ്റ്റർ എബി പീറ്റർ (കൗൺസിലിംഗ്) എന്നിവർ ചെയർമാന്മാരായി വിവിധ കമ്മറ്റികളെ തെരഞ്ഞെടുത്തു.

തുടർച്ച 1-ാം പേജ്

### ഐ.പി.സി കേരളാസ്റ്റേറ്റ് പരിഷ്കരിച്ച ഐ.ഡി...

ക്ഷൻ പോലുള്ള സന്ദർഭങ്ങളിൽ അറ്റൻഡൻസ് രേഖപ്പെടുത്തുന്നതിനും മറ്റും കാർഡ് ഉപയോഗിക്കും ശുശ്രൂഷകന്മാരുടെ ഡേറ്റാബേസ് അപ്ഡേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഇനിയും ഫോമുകൾ നൽകിയിട്ടില്ലാത്ത സെന്ററുകൾ എത്രയും വേഗം ഫോമുകൾ നൽകണമെന്ന് സ്റ്റേറ്റ് സെക്രട്ടറി അറിയിച്ചു. ഐ.പി.സി ശുശ്രൂഷകന്മാരായവരിൽ 10-ാം ക്ലാസ്സ് പാസ്സായിട്ടില്ലാത്തവർക്ക് ഐ.ഡി കാർഡുകൾ ഉണ്ടെങ്കിൽ നവീകരിച്ച കാർഡുകൾ ലഭിക്കുന്നതിന് തടസ്സമില്ല. പുതുതായി ശുശ്രൂഷകരാകുവാൻ ഭരണഘടന പ്രകാരമുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ 10-ാം ക്ലാസ്സ് പാസ്സായിരിക്കണം.





നൂറിൽ തൊണ്ണൂറുപേരും പ്രതികരണം ഇല്ലത്തവരാണ്

താങ്കൾ തൊണ്ണൂറിൽ ഒരാളോ?,
പത്തിൽ ഒരാളോ?

- ആത്മമാരിയുടെ പേജുകൾ ഇഷ്ടപ്പെട്ടെങ്കിൽ
- പ്രയോജനപ്പെട്ടെങ്കിൽ,
- ഇതൊരാവശ്യമാണെന്ന് തോന്നുന്നു എങ്കിൽ
- നിശബ്ദനായിരിക്കരുതേ....

എന്തു ചെയ്യാം ?

ഒരു കത്തുമൂലം അഭിപ്രായം അിറിയിക്കാം
പത്തു പേരുടെ വരിസംഖ്യ ശേഖരിച്ചു കൊടുക്കാം
ഒരു പരസ്യം നൽകുകയോ മറ്റൊരാളെ അതിന് പ്രേരിപ്പിക്കുകയോ ചെയ്യാം
ഒരു സംഭാവന അയച്ചു കൊടുക്കാം
അടുത്ത ലക്കം സ്പോൺസർ ചെയ്യുന്നതിനും കഴിയും
വിളിക്കുമോ?
9447572522






# ക്രിസ്തുവിനെ നമ്മിലൂടെ വലുതായികാണിക്കുക



**സിസ്റ്റർ ബിൻസി**
ദുബായ്

റോമിലെ തടവറയിൽ കേസിന്റെ വിധികാത്ത് കഴിയുന്ന അപ്പൊസ്തലന്റെ ഈ വാക്കുകൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്. തന്റെ നിർണ്ണായകമായ വിധിയെക്കുറിച്ചുള്ള ആശങ്കയോ ആകുലതയോ അല്ല. അത് ജീവനോ മരണമോ ഇവയിൽ ഏത് വിധി വന്നാലും അതിലൂടെ ക്രിസ്തു തന്നിൽ മഹിമപ്പെടണം എന്ന നിറഞ്ഞ പ്രത്യാശയായിരുന്നു തന്നിലുണ്ടായിരുന്നത്. ഒരു പക്ഷെ കേസ് വെറുതെ വിട്ടെന്നു വരാം. അല്ലെങ്കിൽ വധശിക്ഷ നൽകിയെന്നുവരാം ഇവയിൽ ഏതെങ്കിലും നടക്കും എന്ന ചിന്തയോടെ കാത്തിരിക്കുകയല്ല, അപ്പോൾതന്നെ ഭാവിയെക്കുറിച്ച് ഒരു നിശ്ചയവുമില്ല. എന്നാൽ ഒരു കാര്യത്തിൽ വലിയ നിശ്ചയമാണ്. ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും. എത്രയോ പ്രത്യാശാപൂരിതമായ വാക്കുകൾ ഏതു സാഹചര്യത്തിലും, പരിതസ്ഥിതിയിലും എല്ലാവരെയും കാണിക്കത്തക്കവിധം തന്റെ ശരീരത്തിലൂടെ ക്രിസ്തുവിനെ പ്രദർശിപ്പിക്കണം എന്ന ഹൃദയ വാഞ്ചയായിരുന്നു തനിക്കുണ്ടായിരുന്നത്. ചിന്തകനായ വാൽവൂർഡ് പറയുന്നത് ആത്മീകമായി മങ്ങിയ കാഴ്ചയുള്ളവർക്ക് ഒരു ഭൂതകണ്ണാടിയായി തീരുവാൻ പൗലൊസ് ആഗ്രഹിച്ചു എന്നാണ് വാസ്തവത്തിൽ തന്റെ ശരീരം ക്രിസ്തുവിന്റെ മഹത്വം പ്രദർശിപ്പിക്കുന്ന പ്രദർശന ശാലയായി മാറുകയെന്നതായിരിക്കാം പൗലൊസിന്റെ ആഗ്രഹം. ക്രിസ്തുവിനെ നമ്മുടെ ശരീരത്തിൽ മഹിമപ്പെടുത്തുക എന്നതിന് മറ്റുള്ളവരുടെ മുമ്പിൽ ക്രിസ്തുവിനെ വലുതാക്കി കാണിക്കുകയെന്നുള്ളതാണ് നമ്മുടെ പ്രതിദിന ജീവിതത്തിൽ പലതിനേയും മറക്കുവാനും നശിപ്പിക്കുവാനും കഴിയുന്ന ഒരു വ്യക്തിക്കു മാത്രമേ ക്രിസ്തുവിനെ പ്രദർശിപ്പിക്കുവാൻ കഴിയു. ധന്യനായ പൗലൊസിന്റെ അടങ്ങാത്ത ആഗ്രഹം ഒന്നു മാത്രമായിരുന്നു. ക്രിസ്തു തന്നിൽ മഹിമപ്പെടേണം. സ്വാർത്ഥ ചിന്താഗതികൾക്കും സ്വയതാൽപര്യങ്ങൾക്കും തന്നിൽ ലേശം ഇട നല്കാതെ ക്രിസ്തുവിന്റെ മഹത്വം തന്റെ ശരീരത്തിൽ നിറഞ്ഞു നിൽക്കുവാനുള്ള ആ പരമ ഭക്തന്റെ ആർത്തി വാക്കുകൾക്ക് അതീതമാണ്. കഴിവിലും, അറിവിലും, പദവിയിലും അഗ്രേസനായിരുന്ന തന്നെ ഒരിക്കൽ പോലും ഉയർത്തി കാണിച്ചിട്ടില്ല. ദമസ്കോസിൽ വച്ച് ക്രിസ്തു ദർശനം പ്രാപിച്ച ഈ മാർഗ്ഗത്തിലേയ്ക്ക് ഇറങ്ങിയ പൗലൊസ് ക്രിസ്തുവിനെ വിശ്വസിക്കുന്നതിലും സേവിക്കുന്നതിലും തന്റെ നിലപാട് മറ്റ് ശ്ലീഹമാരെക്കാൾ വ്യത്യസ്തമായിരുന്നു. ക്രിസ്തുവിനെ തന്റെ ജീവിതത്തിൽ എല്ലാമായി കാണുവാൻ കഴിഞ്ഞിരുന്നു എന്ന് മാത്രമല്ല പൗലൊസിന്റെ ജീവിതത്തിന്റെ

> **ഏതു സാഹചര്യത്തിലും, പരിതസ്ഥിതിയിലും എല്ലാവരെയും കാണിക്കത്തക്ക വിധം തന്റെ ശരീരത്തിലൂടെ ക്രിസ്തുവിനെ പ്രദർശിപ്പിക്കണം എന്ന ഹൃദയ വാഞ്ചയായിരുന്നു തനിക്കുണ്ടായിരുന്നത്.**

ഉറവിടം ക്രിസ്തു മാത്രമായിരുന്നു എന്ന് പറയുമ്പോൾ ക്രിസ്തു കേന്ദ്രീകൃതമായ ജീവിതം നയിക്കുന്നതിൽ താൻ ഉൽകൃഷ്ടൻ ആയിരുന്നു. ഒന്നുകൂടി വിശദമാക്കിയാൽ ജീവിതത്തിൽ എല്ലാവശവും എല്ലാ മണ്ഡലവും ക്രിസ്തുവിൽ ആയിരുന്നു. ക്രിസ്തുവിനെ കൂടാതെ പൗലൊസ് ഏതുമില്ലായിരുന്നു. തന്റെ ജീവിതത്തിലെ ഒരേയൊരു ലക്ഷ്യം ക്രിസ്തുവിനെ തന്നിൽ മഹിമപ്പെടുത്തുകയാണ്. ഫിലിപ്യർ 1:20ൽ അപ്പൊസ്തലൻ പറയുന്നു. എന്റെ ശരീരത്തിൽ ജീവനാൽ ആകട്ടെ മരണത്താൽ ആകട്ടെ എപ്പോഴും എന്ന പോലെ ഇപ്പോഴും മഹിമപ്പെടുകയുള്ളു എന്ന് പ്രതീക്ഷിക്കുകയും, പ്രത്യാശിക്കുകയും ചെയ്യുന്നു. ദമസ്കോസിന്റെ പടിവാതുക്കൽ വച്ച് ക്രിസ്തു ദർശനം ഉണ്ടായ പൗലൊസ് ആ നാൾ മുതൽ തന്റെ മുഴുലക്ഷ്യവും ഉദ്ദേശവും ക്രിസ്തുവിനെ സേവിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുക എന്നുള്ളതായിരുന്നു. മാത്രമല്ല ക്രിസ്തുവിനെ തന്റെ ശരീരത്തിലൂടെ വലുതായി പ്രദർശിപ്പിക്കുമ്പോൾ പൗലൊസ് വളരെ ചെറുതായി മാറുകയാണ്. വേദികളിൽ അവനവനെ തന്നെ ഉയർത്തുന്ന ഒരു വ്യക്തിക്ക് ക്രിസ്തുവിനെ വലുതാക്കി കാണിക്കാൻ കഴിയുകയില്ല. എന്നാൽ ക്രിസ്തുവിനെ വലുതായി പ്രദർശിപ്പിക്കുന്ന ഒരുവൻ ക്രിസ്തുവിന്റെ പിന്നിൽ നിഷ്ക്രിയനാണ്. സ്നാപക യോഹന്നാന്റെ വാക്കുകൾ പോലെ അവൻ വളരേണം ഞാനോ കുറയേണം ആ മനോഭാവം നമ്മിൽ പ്രാവർത്തികമാക്കാം. ക്രിസ്തുവിന്റെ മഹിമ തന്നിലേയ്ക്ക് ഇറങ്ങി വരേണ്ടതിനായി പൗലൊസ് തീവ്രമായി പ്രതീക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. മറ്റുള്ളതെല്ലാം മറന്ന് ഒന്നിലേയ്ക്ക് തന്റെ മനസ്സിന്റെ ശ്രദ്ധയെ തിരിച്ച് തല ഉയർത്തി ഏക ലക്ഷ്യത്തിലേയ്ക്കു നോക്കി മരണത്താലാകട്ടെ ജീവനാലാകട്ടെ ക്രിസ്തു എന്നിൽ മഹിമപ്പെടേണം എന്ന പൗലൊസിന്റെ കത്തുന്ന ആഗ്രഹം പോലെ ക്രിസ്തുവിനെ വലു തായി പ്രദർശിപ്പിക്കുന്ന ഒരു പ്രദർശനശാലയായി നാം മാറേണ്ടതിനായി ക്രിസ്തുവിന്റെ മഹിമ നമ്മിൽ ഇറങ്ങിവരേണ്ടതിനായി പൗലോസിനെപ്പോലെ നമുക്കും ആഗ്രഹിക്കാം. ക്രിസ്തുവിനെ അങ്ങനെ നമ്മുടെ ജീവിതത്തിലൂടെ പ്രദർശിപ്പിക്കുവാൻ കഴിയട്ടെ. ●

നിങ്ങളെ അലട്ടുന്ന പ്രശ്നങ്ങൾ എന്തുമാകട്ടെ ഞങ്ങൾ നിങ്ങൾക്കായ് പ്രാർത്ഥിക്കാം. ഇന്നുതന്നെ വിളിക്കുക

**ഫോൺ**
**9947891958**

**ക്രൈസ്തവ ലോകത്തെ പുതുപുത്തൻ വാർത്തകളുമായി...**

# ആത്മമാരി

**ക്രൈസ്തവ വാർത്താ പത്രിക**

**വായിക്കൂ... വരിക്കാരാകൂ...**

വാർഷിക വരിസംഖ്യ :

**ഇൻഡ്യയിൽ- 100 രൂപ**
**ഗൾഫ് - 1000 രൂപ**
**യു.എസ്.എ - 50 ഡോളർ**
**യു.കെ - 20 പൗ**

പരസ്യ നിരക്കുകൾ :

**ഫുൾപേജ് - Rs.10000**
**1/2 പേജ് - 5000**
**1/4 പേജ് - 2500**
**മാട്രിമോണിയൽ- 300**

**വാർത്തകൾ, കത്തുകൾ, പരസ്യങ്ങൾ, ലേഖനങ്ങൾ, അനുഭവ സാക്ഷ്യങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങളുടെ വിലാസത്തിൽ ഇന്നുതന്നെ അയച്ചുതരുക.**

**Ph: 9447572522**
**E-mail:** ***athmamarimdkm@gmail.com***

ചീഫ് എഡിറ്റർ
ആത്മമാരി
വേലനിലം പി.ഒ, കൂട്ടിക്കൽ

# വീണ്ടെടുപ്പ്

## Redemption



റവ.അലക്സ് വെട്ടിക്കൽ
യു.എസ്.എ

വിശുദ്ധ ബൈബിളിലെ അതിപ്രധാന വിഷയങ്ങളിൽ ഒന്നാണ് വീണ്ടെടുപ്പ്. ഒരു മനുഷ്യ ശരീരത്തിൽ എവിടെ മുറിച്ചാലും രക്തം പൊടിയുന്നതുപോലെ വിശുദ്ധ വേദപുസ്തകത്തിന്റെ ഏത് ഭാഗം തുറന്നാലും അവിടെയെല്ലാം നിഴലിച്ചു കാണുന്ന സുപ്രധാന വിഷയമാണ് വീണ്ടെടുപ്പ്. ഈ പദം കൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത്. നഷ്ടമായിപ്പോയതിനെ മറുവിലകൊടുത്ത് തിരികെ പ്രാപിക്കുക എന്നതാണ്. അപ്പോൾതന്നെ ദൈവീക ക്രോധത്തിൽനിന്നും ന്യായവിധിയിൽ നിന്നുമുള്ള സമ്പൂർണ്ണ ഉദ്ധാരണമാണ് വീണ്ടെടുപ്പ്. (മത്താ.26:28, കൊലേസ്യ. 1:14, റോമ. 3:21, എബ്രായർ 9:12-15) വീണ്ടെടുപ്പാൻ യോഗ്യനായവൻ നീയമപരമായി മരണത്തിന് വിധിക്കപ്പെട്ടിരിക്കുന്ന വ്യക്തിയുടെ സ്ഥാനം ഏറ്റെടുത്തുകൊണ്ട് പൂർണ്ണമായി പിഴ നൽകി വ്യക്തിയെ ഉദ്ധരിച്ചെടുത്ത് സ്വതന്ത്രനാക്കുന്ന പ്രവർത്തിക്കാണ് വീണ്ടെടുപ്പ് എന്ന് താത്വികമായി പറയുന്നത്.

മുകളിൽ നാം ചിന്തിച്ചതുപോലെ നഷ്ടമായിപ്പോയതിനെ തിരികെ പ്രാപിക്കുന്നതിന് മുടക്കുന്ന തുകയ്ക്കാണ് മറുവില എന്ന് നാം പറയുന്നത്. ഒന്നുകൂടെ വിശദമാക്കിയാൽ നഷ്ടമായതെന്തോ അതിനെ വീണ്ടും സ്വായത്തമാക്കുന്നതിനുവേണ്ടി ചെയ്യുന്ന പ്രക്രിയയാണ് വീണ്ടെടുപ്പ്. ഉദാഹരണമായി ഒരു ബാലൻ അവന്റെ കൈകൊണ്ട് ഒരു കൊച്ചുവള്ളമുണ്ടാക്കി. കാറ്റിലും മഴയിലും അകപ്പെട്ട് അവൻ മോഹിച്ചുണ്ടാക്കിയ ആ കൊച്ചു വള്ളം നഷ്ടമായിപ്പോയി അത് അവന് സഹിക്കുവാൻ കഴിയുന്നതിനും അപ്പുറമായിരുന്നു ചില നാളുകൾക്ക് ശേഷം അവനുണ്ടാക്കിയ അതേ വള്ളം മാർക്കറ്റിലെ ഒരു കടയിൽ വിൽക്കുവാൻ വച്ചിരിക്കുന്നതു കണ്ടു. ചോദിച്ച വില മുഴുവൻ കൊടുത്ത് അവൻ അത് തിരികെ വാങ്ങി. വീട്ടിലെത്തിയ ശേഷം സന്തോഷത്തോടെ തുള്ളിച്ചാടികൊണ്ട് അവൻ പറഞ്ഞു വള്ളമേ ഞാൻ നിന്നെ ഉണ്ടാക്കി. നീ എനിക്ക് നഷ്ടപ്പെട്ടു. ഇപ്പോഴിതാ ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു. ഇതുപോലെ ദൈവ സൃഷ്ടിയായ മനുഷ്യൻ പാപം നിമിത്തം നഷ്ടപ്പെട്ടു പോയപ്പോൾ യേശു തന്റെ സ്വന്ത രക്തം നൽകി അവനെ വിലയ്ക്കു വാങ്ങി. ഇതാണ് മനുഷ്യന്റെ വീണ്ടെടുപ്പ് എന്ന് പറയുന്നത്. അപ്പോൾ തന്നെ നീതിമാനായ ദൈവത്തെയും പാപിയായ മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന വാക്കാണ് വീണ്ടെടുപ്പ്.

വീണ്ടെടുപ്പ്, വീണ്ടെടുപ്പുകാരൻ എന്നീ പദങ്ങൾക്ക് വെയ്ക്കപ്പെട്ടിരിക്കുന്ന എബ്രായർ പദങ്ങളെ ഇവിടെ ചുവടെ കുറിക്കുന്നു.

1) ഗോയൽ (Goll)- വ്യക്തിയുടെ വീണ്ടെടുപ്പിനെ കുറിക്കുന്നു. (സംഖ്യ 35:12)

2) പാദാ (Padha)-അന്യാദീനപ്പെട്ടുപോയ വസ്തുവകകളെ മറുവില നൽകി വീണ്ടെടുക്കുക എന്നാണ്. (ലേവ്യ. 25:47-50)

3) കാഫർ (Kopher)-വ്യക്തികളുടെ പ്രാണന്റെ വീണ്ടെടുപ്പിനെയാണ് ഈ പദംകൊണ്ട് അർത്ഥമാക്കുന്നത്. മറയ്ക്കുക എന്നുകൂടി ഇതിന് അർത്ഥമുണ്ട്. (സങ്കീ.49:7-8)

ഇതുപോലെതന്നെ പുതിയ നിയമത്തിൽ വീണ്ടെടുപ്പ് എന്ന പ്രയോഗത്തെക്കുറിക്കുന്ന ഗ്രീക്ക് പദങ്ങളെക്കുറിച്ചും നാം അറിഞ്ഞിരിക്കേണ്ടതുണ്ട്.

1. അഗോറസ്സോ (Agorazo)- കമ്പോളത്തിൽ നിന്നും വിലയ്ക്കു വാങ്ങുക എന്നതാണ് ഇതിന്റെ അർത്ഥം. (1 കൊരി. 6:1, 19, 7:23,2 പത്രോസ് 2:1,വെളി.5:9, 14:3,4) മറ്റൊരാശയം എന്നത് രക്തത്തിൽ അന്തർലീനമായ ജീവൻ മറുവിലയായതിനാൽ നമ്മുടെ ജീവന്റെ വീണ്ടെടുപ്പും നടന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല എന്ന ദൈവീക വ്യവസ്ഥയുടെ മുമ്പിൽ ചൊരിയപ്പെട്ട രക്തം നമ്മെ വിമോചിതരാക്കി. ആ ക്രിസ്തുവിന്റെ രക്തത്തിൽ വീണ്ടെടുപ്പ് (1 പത്രോസ് 1:18) ശുദ്ധീകരണം (1യോഹ. 1:7) പ്രായശ്ചിത്തം (ലേവി 17:11) ജീവൻ (ലേവി.17:11) ആരാധനാ (എബ്ര 9:14) പാപമോചനം (മത്താ.26:28) ശത്രു ശക്തിയുടെ മേൽ ജയം (വെളി.12:11) എന്നിവ അടങ്ങിയിരിക്കുന്നു. സാത്താനാൽ ബന്ധിക്കപ്പെട്ട് ലോകമാകുന്ന ചന്തയിൽ കിടന്നവരായിരുന്ന നമ്മെ കർത്താവായ യേശുക്രിസ്തു ഈ അടിമ ചന്തയിൽ നിന്നും തന്റെ പ്രായശ്ചിത്ത മരണം കൊണ്ട് വിലയ്ക്കുവാങ്ങി പുറത്തുകൊണ്ടുപോയി ബന്ധനങ്ങളെ അഴിച്ച് സ്വതന്ത്രരായി വിടുകയും ചെയ്തു. അങ്ങനെ പാപത്തിൽ നിന്നും സാത്താന്റെ ബന്ധനത്തിൽ നിന്നുമുള്ള വീണ്ടെടുപ്പ് എന്നേക്കും സാധ്യമായി. ചുരുക്കിപ്പറഞ്ഞാൽ വീണ്ടെടുപ്പിൽ അന്തർലീനമായിരിക്കുന്ന തെളിഞ്ഞ സത്യം സ്വാതന്ത്ര്യം തന്നെയാണ്. ഈ ദൈവീക സ്വാതന്ത്ര്യം അനുഭവിക്കാത്തവർ വാസ്തവത്തിൽ വീണ്ടെടുക്കപ്പെട്ടവർ എന്നു പറയുവാൻ കഴിയില്ല. നമ്മുടെ വീണ്ടെടുപ്പ് എന്നുള്ളത് ദൈവത്തിന്റെ വൻ പദ്ധതിയായിരുന്നു. യുഗയുഗങ്ങളായി അവസാനിക്കാത്ത നീണ്ട വൻ പദ്ധതി തന്റെ ഓമന പുത്രനെ തകർത്തുകൊണ്ട് നടപ്പിലാക്കാൻ ദൈവം തയ്യാറാക്കിയ വൻപദ്ധതി. ഈ വൻ പരിപാടിയോടുകൂടെ സകലത്തിന്റെയും കാലസമ്പൂർണ്ണത വന്നു. എന്നാൽ വീണ്ടെടുപ്പാകുന്ന വൻ പരിപാടിക്കായി മഹാ ദൈവം ഒരു പ്രത്യേക യുഗം തന്നെ മാറ്റിവച്ചു. ഏതാണ് ആ യുഗം. നമ്മുടെ കാലഘട്ടമാകുന്ന കൃപായുഗം തന്നെ. അതെ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ ഓമന പുത്രനെ ലോകത്തിലേക്കയച്ചു. (ഗലാത്യർ 4:4) പിതാവായ ദൈവത്തിന്റെ തിരുഹൃദയത്തിലെ പ്ലാൻ നിറവേറ്റപ്പെട്ട ഒരു മഹാ സംഭവമാണ് വീണ്ടെടുപ്പ്. വരുവാൻ പോകുന്ന മഹത്തായ ഒരനുഭവത്തിലേയ്ക്കുള്ള ഒരു കവാടമാണ്. വീണ്ടെടുപ്പിന് നിതാനമായ ചരിത്രത്തിലെ ഏറ്റവും വലിയ മഹാ സംഭവമായി യേശുക്രിസ്തുവിന്റെ ക്രൂശുമരണം നിൽക്കുന്നു. ●

ലേഖനം

# ശൂലേംകാരി മടങ്ങിവരിക



പാസ്റ്റർ സീജോ ജോയി
(ഇംഗ്ലണ്ട്)

സത്യവേദപുസ്തകത്തിലെ എടുത്തുപറയത്തക്ക ചിന്തകളിൽ ഒന്നാണ് “മടങ്ങിവരിക’. ദൈവത്തിൽ നിന്ന് പിന്മാറിപ്പോയ യിസ്രയേൽ ജനം മിസ്രയിം എന്ന അഴകുള്ള പശുക്കിടാവിനെ തഴുകി തോളിലെടുത്ത് ആരാധിച്ചു മുന്നോട്ടുനീങ്ങവെ ദൈവം മോശയെ എഴുന്നേൽപ്പിച്ച് കനാൻ നാടിന്റെ അനുഗ്രഹത്തിലേക്ക് അവരെ കൊണ്ടുവന്നു. പിന്നീടും തന്റെ ജനത്തിനുണ്ടായ പിന്മാറ്റം ചികിത്സിച്ച് സുഖപ്പെടുത്തുവാൻ ദൈവം പ്രവാചകന്മാരെ നിയോഗിച്ചത് വേദപുസ്തകത്തിൽ കാണുവാൻ സാധിക്കും. പ്രവാചകന്മാർ തെരുവോരങ്ങളിൽ നിന്നുകൊണ്ട് ദൈവജനത്തിന് മടങ്ങിവരവിന്റെ ആഹ്വാനം കൊടുത്തു. കണ്ണുനീരിന്റെ പ്രവാചകൻ കളിക്കാരുടെ കൂട്ടത്തിൽ ഇരിക്കാത്തവൻ എന്നൊക്കെ വിശേഷിക്കപ്പെട്ട യിരമ്യാ പ്രവാചകൻ എഴുതി (യിരമ്യ. 8:7) ആകാശത്തിലെ പെരിഞ്ഞാറ തന്റെ കാലമറിയുന്നു. കുറുപ്രാവും മിവൽപക്ഷിയും കൊക്കും മടങ്ങിവരവിനുള്ള സമയം അനുസരിക്കുന്നു. എന്റെ ജനമോ യഹോവയുടെ ന്യായമറിയുന്നില്ല. ചില പക്ഷികൾക്കുപോലും അറിയാം ചില ദിവസങ്ങൾ അല്ലെങ്കിൽ ചിലമാസങ്ങൾ കഴിയുമ്പോൾ അവർ മറ്റൊരു സ്ഥലത്തേക്ക് പോകേണ്ടതാണെന്ന് മാത്രമല്ല അവർ അത് കൃത്യമായും അനുസരിക്കുകയും ചെയ്യുന്നു. മടങ്ങിപ്പോകണമെന്ന ചിന്ത അവർക്കുള്ളതുകൊണ്ട് അതനുസരിച്ചായിരിക്കും അവരുടെ ജീവിതചര്യകളെല്ലാം. കാലാവസ്ഥയ്ക്കനുസരിച്ചാണല്ലോ അവരുടെ കൂടുമാറ്റം.

എന്നാൽ ദൈവ സന്നിധിയിൽ ഏത് ജീവിത സാഹചര്യങ്ങൾക്കനുസരിച്ചും ജീവിക്കുവാനുള്ളതെല്ലാം ദൈവം നൽകുമെന്ന വിശ്വാസം ദൈവ ജനത്തിന് ഉണ്ടാകണം. അപ്പത്തിന്റെ ഭവനമായ ബെത്‌ലഹേമിൽ നിന്നും അപ്പം മോഹിച്ച് ദൈവമുഖം അന്വേഷിക്കാതെ മോവാബിലേക്ക് ഇറങ്ങിപ്പോയ എലീമലേക്കിനും നവോമിക്കും മക്കൾക്കുമുണ്ടായ അനുഭവം വളരെ വേദന ഉളവാക്കുന്നതായിരുന്നു. ദൈവത്തെ വിട്ടു സമൃദ്ധിയിൽ സന്തോഷത്തോടെ ജീവിക്കാമെന്ന അവരുടെ സ്വപ്നം സഫലമാകാതെ എല്ലാമുള്ളവളായി ചാർച്ചക്കാരുടെ അടുക്കലേക്ക് മടങ്ങാതെ ഒന്നുമില്ലാത്തവളായി പട്ടണവാതുക്കലെത്തേണ്ട ദുരനുഭവം നവോമിക്കുണ്ടായി. എന്നാൽ മടങ്ങിവന്ന് അവരെ സ്വീകരിക്കാൻ സ്നേഹവാനായ ദൈവം ഒരുക്കിനിർത്തിയ ബോവസിനെ കണ്ട് സന്തോഷിക്കുവാൻ നവോമിക്കും രൂത്തിനും കഴിഞ്ഞത് സ്വന്ത സ്ഥലത്തേക്ക് മടങ്ങിപ്പോകുവാനുള്ള അവരുടെ തീരുമാനത്തിന് അനുസരിച്ചായിരുന്നു. എങ്കിലും ഇറങ്ങിപ്പോക്കിന് ചുക്കാൻ പിടിച്ച എലീമലേക്കും മക്കളും മടങ്ങിവരവിൽ ഉണ്ടായിരുന്നില്ല. എന്നാൽ ശാപം വാങ്ങി തലയിൽ കയറ്റിവച്ച മോവാബ്യരിൽനിന്നും രൂത്തിനെ ദൈവം കൊണ്ടുവന്നു. അല്പകാലം ബേത്‌ലഹേമിൽ വന്ന ക്ഷാമം ദൈവം അറിഞ്ഞിട്ടുതന്നെയായിരുന്നു. അതുകൊണ്ടുതന്നെയാണല്ലോ ദൈവം തന്റെ ജനത്തെ സന്ദർശിച്ചുവെന്ന് ബൈബിളിൽ എഴുതിയിരിക്കുന്നത്. സങ്കീർത്തനക്കാരന്റെ നിലവിളി (സങ്കീ.126:4)ൽ കാണുന്നു. യഹോവയെ തെക്കേ ദേശത്തെ തോടുകളെപ്പോലെ ഞങ്ങളുടെ പ്രവാസികളെ മടക്കി വരുത്തേണമേ. പ്രവാസത്തിൽ നിന്നുള്ള മടങ്ങിവരവ് പ്രാരംഭത്തിൽ അല്പം വേദനാജനകമായിരുന്നു. എന്നാൽ പിന്നത്തേതിൽ ദേശത്ത് വന്ന് യഹോവയുടെ അനുഗ്രഹം പ്രാപിക്കുകയും യിസ്രയേൽ മക്കൾ സമ്പന്നന്മാരായി തീരുകയും ചെയ്തു. ആലയം പണിയുവാനുള്ള ആവേശത്തിൽ പുറപ്പെട്ട് ജീവിതം ആരംഭിച്ചവർ തട്ടിട്ട വീടുകൾ പണിത് പാർപ്പ് തുടങ്ങി. നല്ല വീടുകളിൽ പാർക്കുമ്പോൾ നിന്നെ വഴി നടത്തിയ യഹോവയെ ഓർത്തുകൊള്ളണമെന്നുള്ള ദൈവ കല്പന അനുസരിക്കുന്നതിനാൽ ഹഗ്ഗായി പ്രവാചകനിലൂടെ ദൈവം തന്റെ ജനത്തോടു മടങ്ങിവരവിനെ വീണ്ടും ഓർപ്പിച്ചു. (ഹഗ്ഗായി 1:4) ഈ ആലയെ ശൂന്യമായിരിക്കെ തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ? ഇങ്ങിനെയുള്ള കാലഘട്ടത്തിൽ ദൈവജനം ഇപ്പോൾ എത്തിയിരിക്കുന്നു.

ഒരു കാലത്ത് പെന്തക്കോസ്തുകാരുടെ ജീവിതത്തിലും, സംസാരത്തിലും ദൈവസ്വഭാവം നിഴലിച്ചിരുന്നു. ലോകം അവർക്ക് യോഗ്യമായിരുന്നില്ല. നല്ല ഒരു ഉദ്ധാരണം ഇവിടെയല്ല സ്വർഗ്ഗത്തിൽ ലഭിക്കുമെന്ന് അവർക്ക് വിശ്വാസമുണ്ടായിരുന്നു. വിശ്വാസത്തിനും, വിശുദ്ധിക്കും വേണ്ടിയവർ നിലകൊണ്ടപ്പോൾ ദൈവം കുടുംബം കുടുംബമായും, കുലം കുലമായും ദൈവം അവരെ അനുഗ്രഹിച്ചു എന്നാൽ ഇന്ന് ജനം കെട്ടഴിഞ്ഞവരായി തീർന്നിരിക്കുകയല്ലേ? ന്യാപ്രമാണവും കയ്യിലേന്തി മലയിറങ്ങിയ മോശയ്ക്കു അടിവാരത്തിൽ കേട്ട ശബ്ദം മിസ്രയിമ്യാ ദൈവത്തെ ചുമന്നുകൊണ്ടുള്ള ഗാനപ്രതി

ശേഷം 5-ാം പേജ്

# SEEKING THE TRUTH

I sometimes wonder what I am following or believing in, is whether true or just a mirage. It's not that I doubt "Almighty God" the supreme entity but the doctrines and philosophical ideologies that revolves around GOD has been moulded by human minds and impregnated blind wandering souls.

Surely, we will never be able to fathom the glory and magnificence of GOD in our life. Simply because it's profound ,we cannot contain it in our micromind. So does that mean the story ceases at this.

Perhaps not but it commences .The quest for real understanding of god should neither slumber nor be kept under wraps. With perseverance and firmness of purpose, oneusy aim to achieve and receive the ultimate truth.

As I pen down this article, I feel nostalgic about my upbringing in faith. Nothing that I have against anyone or hold any individual responsible for misguiding me and many other soul in faith .The spiritual revelations that came across my mind and soul was just astonishing. Majority of things that I observed or participated in was "monotonous and contradictory" .Meaning similar practices, principalities which were exceedingly humane influenced rather than Holy God and Holy Spirit. That was an age when I couldn't figure out the difference because I was viewing through naked physical eye and not spiritual eye. It was this great revelation that ushered along my way and made to realize and confirmed that I was standing in trouble water.

It was not my contradiction or questioning of my superficial or inherited faith that pushed me to know the reality but it was an earnest decision to seek the truth that motivated me to renew and refurbish myself again spiritually. Not at all perfect but still striving hard to attain true wisdom of god through which one can not only ordain their own lives but others as well.

Regardless of knowing the truth, still many a times one turns a blind eye on it, which can be due to myriad reason, namely

* Ignorance
* Pressure from various sources
* Fear of social isolation
* In opposition to individual 'S thought

These are some of the reason which are majorly observed but it's just a drop in the vast ocean. Whats disheartening is the immensity of ignorance and negligence in the established institution of GOD and amongst fellow believers. Just by being born either in a Christian family or a Pentecostal lineage, doesn't automatically give us the supreme stature and identity as followers of Christ but we have to prove it on a daily basis with our character and attitude towards one another. It's a simple task to attract and inspire people when in congregation of like minded people .What about when amongst unlike group ?.Need not to look unto anyone except for Christ Jesus as the only true illustration of honesty, obedience and respect for God's will and the obvious disciples and followers of Christ mentioned in Bible.My point here is that it's not our birthright that gives us the certificate as children of GOD but it's indeed our interaction identical to Christ 'S nature that will aid in attaining his anointing on us.



*Jency Sooraj*
*Ireland*

Only insignificant proportion of individuals inquisitively explore the gospel truth in their lives, to check or reflect upon the insight they have inherited from their predecessor and community. Ignorance lies when it's adopted blind foldedly without even trying to know whether it makes any sense to our spiritual life or does it have any significant teaching to deliver. And I always prefer to quote the most evident example of the almost eternal journey which the Israelites embarked upon which normally took 11 days to reach but it took Israelites 40 years to reach their promised destination ,solely because of ignorance and imprudence. They were deep rooted to accomplish their selfish desire that they never gave or made space for God's will in their hearts. Countless mercies, miracles and triumphs gifted by God couldn't transform neither their mind or soul. And so the obvious occurred that only Caleb, Joshua and few Israelite children who were not subjected to God's wrath, entered the "Promised Land".What mattered more to Israelites was their current situation and circumstances in

which they were put through ,forgetting the divine destination which God had instore for them.Humbly searching God , relying on him irrespective of indelible troubles, was something irrelevant to them as they were swiftly getting coiled around in demon's plan.Wrong choices will certainly invite wrong and treacherous results.

Despite knowing this and so much more, how much more are we going to invite negative aftermath because of our negative options. God has given us complete freedom to make decisions and it's totally up-to us whether we lean towards righteousness or unrighteousness.

Foundation of faith should not be based on compulsion by others in authority or supremacy .it should conceive out of robust desire to familiarize oneself with God not superficially but it should penetrate body and touch our soul, understanding the fact that God is omnipresent and omnipotent and making him as an indispensable part of our lives.

The necessity arises to discover the gospel truth to ascertain whether what one is believing on is fact or true and not just something vague which is unwilling followed or under constraint.No one is perfect by comparing the teachings and sermon of individual mind and soul with the word of God, surely one would be victorious in achieving the truth. With consistent prayer and supplication, nothing can make go weak on our knees except our choice to give up on God. Believe that one would not back out from faith in haste, knowing that the human existence is because of the merciful act of Christ on the old rugged cross and the unconditional love of God for us, who despite of anticipating the gore tribulation that awaits him, gave himself selflessly as a living sacrifice for our sins.

It's pitiful to admit that as believers not excluding myself, still rely on milk rather than craving for solid spiritual food. Spiritual growth is stagnant and hence spiritual blindness covers us. It's high time that we abandon monotonous practices and teachings and search the biblical truth according to God's conscience in the Bible. Always uphold and uplift spiritual truth led in divinity so that God can uplift you in amist your adversaries and most significantly amist "The demonic forces ".

God bless us all.

തുടർച്ച 4–ാം പേജ്

## ശൂലേംകാരീ മടങ്ങി വരിക....

ഗാനമാണെന്നു മനസ്സിലാക്കുവാൻ അധികസമയം വേണ്ടിവന്നില്ല. എന്നാൽ പുതിയ തലമുറക്കാരനായിരുന്ന യോശുവയും, സ്വന്തം ചേട്ടനുമായ അഹരോനും അതു ദൈവാരാധനയെന്നു വിശ്വസിച്ചപ്പോൾ ദൈവകൃപയുള്ള മോശ ആൾക്കൂട്ടത്തെ കണ്ടു. നിർവൃതിയടയാതെ അതു തെറ്റാണെന്ന് പറഞ്ഞുകൊണ്ട് ജനക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെന്നത് വേദപുസ്തകത്തിൽ കാണുവാൻ കഴിയും. ഈ സംഭവം ഏകദേശം 3000 പേരുടെ മരണത്തിൽ കലാശിച്ചു. എന്നാലും മോശമൂലം മറ്റുള്ളവർക്ക് തെറ്റ് തിരുത്താൻ കാരണമായി. ഇന്ന് ഉപദേശം പറയുന്നവർ കുറവായിരിക്കുന്നു. കേൾക്കുവാൻ ജനവുമില്ലാത്തസ്ഥിതിയായി. രോഗശാന്തിയും, ഭൂതശാന്തിയും, ശാപശാന്തിയും നടത്തുന്ന മേൽശാന്തിമാർ അരങ്ങുവാഴുകയാണ്. ഇതിൽനിന്നെല്ലാം മാറ്റം വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദൈവം സൗജന്യമായി നൽകിയിരിക്കുന്ന രക്ഷ നഷ്ടപ്പെടുത്തിക്കളയാതെ ഉപദേശ ജീവിത മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന സമൂഹമായി തീരുവാൻ ദൈവജനത്തിനു കഴിയട്ടെ. ഒരുമടങ്ങി വരവിന്റെ സമയമായിരിക്കുന്നു. ദൈവജനത്തിനു ഉപദേശ വിശുദ്ധിയിലേയ്ക്കും, ജീവിത വിശുദ്ധിയിലേയ്ക്കും ഒരുമടങ്ങിപ്പോക്ക് ആവശ്യമായിരിക്കുന്നു. ദൈവത്തെ അറിയാത്ത തലമുറയായല്ല ദൈവം അറിയുന്ന തലമുറയായി മാറുവാൻ കഴിയട്ടെ. ഉത്തമഗീതത്തിൽ വായിക്കുന്നതുപോലെ മടങ്ങി വരിക ശൂലേംകാരി മടങ്ങി വരിക മണവാളനുവേണ്ടി വിളിക്കപ്പെട്ടതാണെന്നുള്ള ചിന്ത ഏവരുടെയും മനസ്സിലുണ്ടായിരിക്കട്ടെ.

## പ്രവർത്തനോത്ഘാടനവും സംഗീത വിരുന്നും



*പത്തനംതിട്ട മേഖലയുടെ പ്രവർത്തനോത്ഘാടനം പി.വൈ.പി.എ കേരളാ സ്റ്റേറ്റ് പ്രസിഡന്റ് സുധി കല്ലുങ്കൽ ഉത്ഘാടനം ചെയ്യുന്നു*

റാന്നി: പെന്തക്കോസ്ത് യുവജന സംഘടനം (പി.വൈ.പി.എ) പത്തനംതിട്ട മേഖലയു ടെ ഈ വർഷത്തെ പ്രവർത്തനോത്ഘാടനം 2017 മെയ് 28 ന് റാന്നി ഐ.പി.സി ബെഥേൽ ടൗൺ ചർച്ചിൽ നടന്നു. മേഖലാ പ്രസിഡന്റ് പാസ്റ്റർ ബെൻസൺ തോമസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കേരള സംസ്ഥാന പി.വൈ.പി.എ പ്രസിഡന്റ് ബ്രദർ സുധി കല്ലുങ്കൽ ഉത്ഘാടനം നിർവ്വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ പാസ്റ്റർ സാംകുട്ടി ജോൺ ചിറ്റാർ അനുഗ്രഹ പ്രാർത്ഥന നടത്തി. പാസ്റ്റർ രാജു മേത്ര മുഖ്യ സന്ദേശം നൽകി. ബ്രദർ ജസ്റ്റിൽ നെടുവേലിൽ, പാസ്റ്റർ സജി ജോർജ്ജ് എന്നിവർ ആശംസകൾ അറിയിച്ചു. ഡോ. ബ്ലസൺ മേമന ലോർഡ് സൺ ആന്റണി എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ റ്റിജു ചാക്കോ പാസ്റ്റർ ബിനു കൊന്നപ്പാറ, ജോസി പ്ലാത്താനത്ത്, സന്തോഷ് മേമന, ജിൻസൺ ജോഷ്വാ എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

## തെരഞ്ഞെടുത്തു

മുണ്ടക്കയം: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ പാറത്തോട് സെന്ററിന്റെ ജനറൽ ബോഡി യോഗം 2017 മെയ് 27 ന് മുണ്ടക്കയം സെഹിയോൻ പ്രെയർസെന്ററിൽ നടന്നു. സെന്റർ മിനിസ്റ്റർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ 2017–2018 വർഷത്തേയ്ക്കുള്ള പുതിയ ഭരണസമിതിയെ തെരഞ്ഞെടുത്തു. പ്രസിഡന്റ് പാസ്റ്റർ മാത്യു.പി. ഡേവിഡ്, വൈസ് പ്രസിഡന്റ് സുവി.സാംകുട്ടി ജയിംസ്, സെക്രട്ടറി സുവി. സാൻ വി.അച്ചൻകുഞ്ഞ്, ജോയിന്റ് സെക്രട്ടറിമാർ സുവി. ഉണ്ണി കെ.കെ., റെജി മാത്യു, ട്രഷറാർ ബ്രദർ കെ.ജെ.ബാബു, പബ്ലിസിറ്റി കൺവീനർ സുവി.എം.എം.ബേബിച്ചൻ എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും കൂടാതെ 14 കമ്മറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു.

# പേരില്ലാത്ത പെൺകുട്ടി



സിസ്റ്റർ ഒമേഗാ സുനിൽ

യിസ്രയേൽ രാജ്യത്തിന്റെ വടക്കുഭാഗത്താണ് സിറിയ സ്ഥിതി ചെയ്യുന്നത്. സിറിയ രാജ്യം ബൈബിളിൽ "അരാം" എന്ന പേരിലാണ് കാണുന്നത്. സിറിയ രാജാവായ ഹദദിന്റെ സേനാപതിയായിരുന്ന നയമാൻ മാന്യനും മഹാനും പരാക്രമിയും ആയിരുന്നു. യുദ്ധ സാമർത്ഥ്യവും കൂർമ്മബുദ്ധിയുമുള്ള നയമാനോട് രാജാവായ ബേൻഹദ്ദിന് താൽപ്പര്യമായിരുന്നിരിക്കണം. ശത്രുക്കളിൽ നിന്ന് രാജ്യത്തെ രക്ഷിക്കുന്നതിൽ കഴിവുതെളിയിച്ച നയമാൻ ശരീരത്തിൽ ഒരു രോഗം വഹിച്ചിരുന്നു. അത് കുഷ്ഠരോഗം ആയിരുന്നു.

നയമാൻ യിസ്രയേൽ രാജ്യത്തെ ആക്രമിച്ച് ധാരാളം യിസ്രയേലികളെ അടിമകളാക്കി സിറിയയിലേക്ക് കൊണ്ടുപോയി. അതിൽ ഒരു പെൺകുട്ടിയെ നയമാന്റെ ഭാര്യയെ സഹായിക്കുന്നതിന് ബാലവേലയിലാക്കി. ഈ അടിമ പെൺകുട്ടിയെക്കുറിച്ച് കേവലം രണ്ടു വാക്യങ്ങൾ മാത്രമാണ് ബൈബിളിൽ പരാമർശിച്ചിരിക്കുന്നത്. പേരോ, അവളെക്കുറിച്ചുള്ള വിശദീകരണങ്ങളോ ഒന്നും തന്നെ കാണുന്നില്ല. എങ്കിലും ഇവളുടെ മൂല്യം വലുതാണെന്ന് മനസ്സിലാക്കാം. അടിമപെൺക്കുട്ടിയുടെ ചില സ്വഭാവഗുണങ്ങൾ നമുക്ക് ചിന്തിക്കാം.

ഒന്നാമതായി അവൾ വിശ്വസ്തയായിരുന്നു. തന്റെ ജോലിയിൽ അവൾ വിശ്വസ്തയായിരുന്നതുകൊണ്ടാണ് അവൾക്ക് അവിടെ സന്തോഷമായി കഴിയുവാൻ സാധിച്ചത്. ജോലിയിൽ വിശ്വസ്തരല്ലാത്ത ദാസീദാസന്മാരോട് ഒരു യജമാനന്മാർക്കും താൽപ്പര്യം തോന്നാറില്ല. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരുടെ ഇടയിൽ കുറയുന്നത് കൊണ്ട് രക്ഷിക്കണമേ എന്ന വിലാപത്തോടു കൂടിയ പ്രാർത്ഥന 12-ാം സങ്കീർത്തനത്തിൽ കാണാൻ സാധിക്കുന്നു. ജോലി ചെയ്യാതെ വെറുതെ മിനക്കെട്ടു നിൽക്കുന്ന വ്യക്തിയോട് ഒരു യജമാനനും ഇഷ്ടം തോന്നാറില്ല. ഉത്തരവാദിത്തത്തോടുകൂടി സ്വന്തം ഭവനമെന്ന ചിന്തയിൽ അടുക്കോടും ചിട്ടയോടും കൂടി ചെയ്യുന്നതിൽ ഇവൾ സമർത്ഥയായിരുന്നു എന്നും കണക്കാക്കാം. നയമാന്റെ ഭാര്യയ്ക്ക് ഇക്കാരണത്താൽ ആകാം ഇവളോട് താൽപ്പര്യം തോന്നിയത്. യേശുവും തന്റെ പരസ്യ ശുശ്രൂഷാവേളയിലെ സംഭാഷണങ്ങളിൽ വിശ്വസ്തതയ്ക്ക് ഊന്നൽ നൽകി സംസാരിച്ചിട്ടുണ്ട്. ഏതു മണ്ഡലത്തിലായാലും വിശ്വസ്തരായി നിലകൊള്ളുക എന്നത് ദൈവീകതയാണ്. കുടുംബജീവിതത്തിൽ, ഔദ്യോഗിക രംഗങ്ങളിൽ, സമൂഹത്തിൽ, സഭയിൽ, ജോലിയിൽ തുടങ്ങീ എല്ലാ മേഖലകളിലും നാം വിശ്വസ്തരാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അടിമ പെൺകുട്ടി അന്യനാട്ടിൽ തന്റെ ജോലിയിൽ കാട്ടിയ വിശ്വസ്തത നമുക്കും മാതൃകയാക്കാം.

രണ്ടാമതായി അവൾ അപകർഷതാബോധത്തെ അതിജീവിച്ചു. അടിമയാണെന്നുള്ള ചിന്ത ഒരു വ്യക്തിയെ അപകർഷതാബോധത്തിലേയ്ക്ക് നയിക്കാം. ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെയും സഹോദരങ്ങളെയും വേർപിരിഞ്ഞ് തനിച്ചാകേണ്ടി വന്ന ഹതഭാഗ്യയാണ് താൻ എന്ന നിരാശയും ഇവളെ അപകർഷതാബോധത്തിലേക്ക് നയിക്കേണ്ടതാണ്. ഇത്തരം ചിന്തകളെ അതിജീവിച്ചവളാണ് ഈ അടിമപ്പെൺകുട്ടി എന്ന് മനസ്സിലാക്കാം. അതുകൊണ്ടാണ് നയമാന്റെ ഭാര്യയോട് അവൾക്ക് വളരെ അടുപ്പത്തിലാകുവാൻ സാധിച്ചത്. സാധാരണയായി അടിമകൾ ഉടമസ്ഥനോട് അടുപ്പം പുലർത്താറില്ല. കാരണം അപകർഷതാബോധമാണ്. അപകർഷതാബോധമുള്ളവർക്ക് ജീവിതത്തിൽ വിജയിക്കുവാൻ സാധിക്കുകയില്ല. സ്വന്തം ജീവിതത്തിലെ അനുഭവങ്ങളും ശാരീരികമായോ അല്ലാതെയോ ഉള്ള ന്യൂനതകളും അനേകരെ ഇത്തരം ചിന്താഗതിയിലേക്ക് നയിക്കാറുണ്ട്. എല്ലാ സാഹചര്യങ്ങളെയും അതിജീവിച്ച അടിമപെൺകുട്ടി സഹോദരിമാർക്കൊരു മാർഗ്ഗദർശിയാണ്.

മൂന്നാമതായി ശത്രുവിനെ മിത്രമായി കരുതി, അടിമയാക്കിയവരോടുള്ള പകയും, വിദ്വേഷവും മറന്ന് അടിമൾ പ്രവർത്തിക്കാറില്ല. അടിമയാക്കിയവർക്ക് ഒരു ഉപകാരവും മനസ്സോടെ ചെയ്യാറില്ല. ശത്രുപാളയത്തിൽ ശത്രുവിനെ നശിപ്പിക്കുവാനുള്ള ആഗ്രഹമുണ്ടാവും, ഇവയാണ് സാധാരണ അടിമകളുടെ മനോഭാവങ്ങൾ. ഈ പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെയും, സഹോദരങ്ങളെയും ഒക്കെ പിരിയേണ്ടി വന്നതിന്റെ ദുഃവും ഉണ്ടാകും എന്നാൽ ഇവൾ ഈ ചിന്തകളെയും മറികടന്ന് ശത്രുവിനെ മിത്രമായി കരുതി. അതുകൊണ്ടാണ് എല്ലാവിധത്തിലും സന്തോഷത്തോടുകൂടെ കഴിഞ്ഞ് ഈ ഭവനത്തിലെ ഏക പ്രശ്നത്തിൽ ഇവൾക്ക് ഇടപെടുവാൻ സാധിച്ചത്. അവളുടെ രാജ്യ ത്തെ ആക്രമിച്ച് അവളെ അടിമയാക്കി കൊണ്ടുവന്നവരോടും ക്ഷമിക്കുവാനും അവരെ സ്നേഹിക്കുവാനും അവൾക്ക് കഴിഞ്ഞു. ഒരു അടിമയ്ക്കും ഇത്തരം മനോഭാവം ഉണ്ടാകാറില്ല. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി ദൈവീക സ്വഭാവം വെളിപ്പെടുത്തുവാൻ ഇവൾക്ക് കഴിഞ്ഞു. നമ്മെ വേദനിപ്പിച്ചവരോട് നാം ക്ഷമിച്ച് അവർക്ക് ഉപകാരം ചെയ്യുന്നിടത്താണ് ദൈവീക സ്വഭാവം പ്രത്യക്ഷമാകുന്നത്. നമ്മെ വേദനിപ്പിക്കുന്നവരെ തിരിച്ചു വേദനിപ്പിക്കുവാൻ നമുക്കും തോന്നാറില്ലെ? അല്ലെ?, അങ്ങനെ പ്രതികാരം ചെയ്യുന്നില്ലെങ്കിലും അവരുടെ ദുഖത്തിൽ സഹായിക്കുവാനോ ആശ്വസിപ്പിക്കുവാനോ സാധിക്കുമോ?

ശത്രുവായി കരുതേണ്ട നയമാന്റെ രോഗവിവരം അടിമ പെൺകുട്ടിയിൽ ദുഃഖമുളവാക്കി. എന്നെ അടിമയാക്കിയതിനുള്ള ശിക്ഷയാണ്. അനുഭവിക്കട്ടെ എന്ന മനോഭാവമാണ് നമുക്കെങ്കിൽ നമുക്കോ, മറ്റുള്ളവർക്കോ, ദൈവത്തിനോ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല എന്നത് നാം മനസ്സിലാക്കുന്നത് നല്ലതാണോ. നയമാന്റെ രോഗ പരിഹാരത്തിനുള്ള മാർഗ്ഗം നിർദ്ദേശിക്കുന്നത് ശത്രുവിനെ മിത്രമായി കരുതുവാനുള്ള ദൈവീക സ്വഭാവത്തിന് ഉദ്ദാഹരണമാണ്. മിത്രത്തേപ്പോലും ശത്രുവായി കാണുന്ന മനോഭാവമുള്ളവർ വർദ്ധിക്കുന്ന ഈ കാലത്ത് അടിമപെൺകുട്ടി വേറിട്ട കാഴ്ചയാണ്.

നാലാമതായി ലഭിച്ച അവസരം വിനിയോഗിച്ചതായി കാണാം, പ്രവാചകനെ പരിചയപ്പെടുത്തുവാൻ ലഭിച്ച അവസരം പെൺകുട്ടി നഷ്ടമാക്കിയില്ല.. എലീശയെ പരിചയപ്പെടുത്തുവാൻ അവൾ ഉത്സുകയായിരുന്നു. ചെറുപ്പത്തിൽ അമ്മ പറഞ്ഞോ, മറ്റുള്ളവർ പറഞ്ഞോ കേട്ട ധാരാളം കേട്ടറിവുകൾ എല്ലാം അവൾ യജമാനത്തിയോട് പറഞ്ഞു കാണും, പ്രവാചക ശിഷ്യന്റെ ഭാര്യയുടെ കടം മാറ്റിയതും, പരിഹാസികളായ 42 ബാലന്മാരെ രണ്ട് പെൺകരടികൾ കീറികളഞ്ഞതും, ശൂനോംകാരിയുടെ മകനെ ഉയർപ്പിച്ചതും ഒക്കെ അവൾ യജമാനത്തിയോട് പറഞ്ഞുകാണും. ഭാര്യ ഇതൊക്കെ ഭർത്താവിനോടും പറഞ്ഞിട്ടുണ്ടാകണം. കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവാനില്ലാതെ എങ്ങനെ കേൾക്കും. (റോമ 10:14) ഈ വാക്യം പോലെ കേട്ടത് അൽപമായെങ്കിലും ആ ദമ്പതികളിൽ വിശ്വാസം വളർത്തി ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാകണം പ്രവാചകനായ എലീശയെ കാണാൻനയമാൻ തീരുമാനിച്ചത്. പ്രവാചകനായ എലീശയുടെ അടുക്കൽ ചെന്ന നയമാന് തന്റെ വാക്കുകൾ ആദ്യം സ്വീകാര്യമായില്ല. എന്നാൽ തന്റെ കൂടെവന്ന ഭൃത്യന്മാരുടെ നിർബന്ധത്തിന് വഴങ്ങി താൻ ഏഴ് പ്രാവശ്യം യോർദ്ദാൻ നദിയിൽ മുങ്ങിക്കഴിഞ്ഞപ്പോൾ കുഷ്ഠരോഗിയായ നയമാന്റെ ശരീരം ഒരു ബാലന്റേതുപോലെയായി. മാന്യനെങ്കിലും രോഗം മൂലം നിരാശയിൽ കഴിഞ്ഞ നയമാന് ലഭിച്ച സൗഖ്യത്തിന് മുഖാന്തിരമായി അടിമപെൺകുട്ടിക്ക് എന്തുപാരിതോഷികം നൽകി എന്നതിനേപ്പറ്റി ഒന്നും തുടർന്നു ബൈബിളിൽ കാണുന്നില്ല. എങ്കിലും അടിമപെൺകുട്ടിയെ തീർച്ചയായും സ്വതന്ത്രയാക്കി എന്നു കരുതുന്നതിൽ തെറ്റില്ല. സ്വതന്ത്രയാക്കി വിട്ടയച്ചില്ലെങ്കിലും ഒരു കുടുംബാംഗമായി അവളെ സ്വീകരിച്ചുകാണും. അന്യദേശത്താണെന്ന ഭയം കൂടാതെ പ്രവാചകനെ പരിചയപ്പെടുത്തിയ പെൺകുട്ടിയെപ്പോലെ യേശുവിനെ പരിചയപ്പെടുത്തുന്നവരായി നമുക്ക് മാറാം. മാന്യതയുടെ മുഖംമൂടിക്കുള്ളിൽ വേദനയോടെ കഴിയുന്നവർക്ക് ആന്തരികം, ശാരീരിക സൗഖ്യം യേശുവിലൂടെ ലഭിക്കട്ടെ. ●

# പി.ജി കോഴ്സുകൾ ആരംഭിച്ചു



ഐ.പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് പി.ജി. കോഴ്സ് പ്രാർത്ഥിച്ച് ഉത്ഘാടനം നിർവ്വഹിക്കുന്നു

കുമ്പനാട്: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കേരളാ സ്റ്റേറ്റ് ഹെബ്രോൺ പി.ജി കോഴ്സ് മെയ് 29 ന് ആരംഭിച്ചു. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തി ൽ കൗൺസിൽ അംഗങ്ങളും സെന്റർ ശുശ്രൂഷകന്മാരിൽ ചിലരും സംബന്ധിച്ച ഈ യോഗത്തിൽ വച്ച് പി.ജി.കോഴ്സുകൾ ആരംഭിച്ചു. കേരളാ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ പൊതുപ്രസ്താവന നടത്തി. ജനറൽ സെക്രട്ടറി റവ.ഡോ.കെ.സി ജോൺ മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. പാസ്റ്റർമരായ പി.എ മാത്യു, വിൽസൺ ജോസഫ്, ബ്രദർ ജോയി താനുവേലിൽ എന്നിവർ ആശംസാ സന്ദേശങ്ങൾ അറിയിച്ചു. പാസ്റ്റർ ജയിംസ് ജോർജ്ജ് സ്വാഗതവും, പാസ്റ്റർ ജോസ് കെ.എബ്രഹാം നന്ദിയും അറിയിച്ചു. കേരള സംസ്ഥാനത്തിന്റെ പരിപൂർണ്ണ ചുമതലയിൽ നടത്തുന്ന പരിശീലന കോഴ്സിന്റെ ആദ്യ ബാച്ചിൽ 39 വിദ്യാർത്ഥികൾ പഠിക്കുന്നു. നാല് മാസക്കാലാവധിവരുന്ന കോഴ്സുകളാണ് ആരംഭിച്ചത്. 10-ാം ക്ലാസ്സ് പാസ്സായവർക്കും ഐ.പി.സി അംഗീകൃത ബൈബിൾ കോളേജിൽ 3 വർഷം പഠിച്ച് വിജയിച്ചവർക്ക് മാത്രമാണ് പ്രവേശനം നൽകിയിരിക്കുന്നത്. പ്രത്യേക പരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുത്തത്. പ്രധാനമായും പഠനവിഷയമാക്കുന്നത് ഐ.പി.സി അംഗീകരിച്ച ശുശ്രൂഷാ പാഠ്യപദ്ധതിയായിരിക്കും. കൂടാതെ സഭയിലെങ്ങനെ പ്രവർത്തിക്കാം, സാമ്പത്തിക കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണം ഇവയും ഐ.പി.സി പ്രസ്ഥാനത്തിന്റെ ചരിത്രവും സവിശേഷതകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മോഡികെയർ – DP
"നിങ്ങളുടെ ആരോഗ്യം നിങ്ങളുടെ കയ്യിൽ"
മോഡികെയർ ബിസിനസ്സിൽ ജോയിൻ ചെയ്യുന്നതുവഴി 8 വിധത്തിൽ വരുമാനം നേടൂ...
18 വയസ്സുമുതൽ ആർക്കും ഇതിൽ പങ്കാളിയാവാം
വിദ്യാഭ്യാസ യോഗ്യത ആവശ്യപ്പെടുന്നില്ല.
സസ്യമൂലാധികൾ കൊണ്ടുള്ള ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ ഹോൾ സെയിൽജോയിൻ ചെയ്യുന്നതിന് ഫീസോ മറ്റ് തരത്തിലുള്ള നിക്ഷേപമോ ആവശ്യപ്പെടുന്നില്ല.
കൂടുതൽ വിവരങ്ങൾക്ക്
9961337023, 9961484519

ലേഖനങ്ങളിലെ ആശയങ്ങൾക്കുള്ള പരിപൂർണ്ണ ഉത്തരവാദിത്വം ലേഖന കർത്താക്കൾക്കുള്ളതായിരിക്കും

# റോഷ്നി രാജു പാറത്തോട് സെന്ററിന് അഭിമാനം

ബ്രദർ ജസ്റ്റിൻ നെടുവേലിൽ

മുണ്ടക്കയം: മുണ്ടക്കയം സി. എം. എസ് ഹൈസ്കൂളിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ 124 പേരിൽ എല്ലാ വിഷയത്തിനും എ പ്ലസ് കരസ്ഥമാക്കിയ ഏക വിദ്യാർത്ഥിനി റോഷ്നി രാജു ഐ.പി.സി പാറത്തോട് സെന്ററിന് മാത്രമല്ല പെന്തക്കോസ്ത് സമൂഹത്തിന് അഭിമാനമാണ്. മെയ് 29 ന് പള്ളിക്കുന്ന് പബ്ലിക് ലൈബ്രറിയിൽ വച്ച് നടന്ന പ്രത്യേക സമ്മേളനത്തിൽ സംസാരിക്കുകയായിന്ന ജസ്റ്റിൻ നെടുവേലിൽ സാമ്പത്തിക വെല്ലുവിളികളെ അതിജീവിച്ച് വിജയ തിളക്കം കൈവരിച്ച റോഷ്നി രാജുവിനെ മുക്തികണ്ഠം അഭിനന്ദിക്കുകയും, പാറത്തോട് സെന്റർ പി.വൈ.പി.എ നൽകിയ ക്യാഷ് അവാർഡും മൊമെന്റോയും റോഷ്നി രാജുവിന് നൽകി അനുമോദിക്കുകയും സെന്ററിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും വിജയാഭിവാദ്യങ്ങൾ അർപ്പിച്ചു.



പി.വൈ.പി.എ സ്റ്റേറ്റ് ട്രഷറാർ ജസ്റ്റിൻ നെടുവേലിൽ റോഷ്നി രാജുവിന് മൊമന്റോയും ക്യാഷ് അവാർഡും നൽകുന്നു

# ഐ.പി.സി കേരളാ സംസ്ഥാന നേതൃത്വ സമ്മേളനം നടന്നു

കോഴഞ്ചേരി: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കേരളാ സംസ്ഥാനത്തിന്റെ നേതൃത്വത്തിൽ കേരളത്തിലെ സെന്റർ പ്രസിഡന്റുമാരുടെയും വൈസ് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും സംയുക്ത സമ്മേളനം ജൂൺ 13 ന് ഐ.പി.സി മാരമൺ ബേർശേബാ ചർച്ചിൽ നടന്നു. സംസ്ഥാന ഉപാധ്യക്ഷൻ പാസ്റ്റർ രാജു പൂവക്കാല ഉത്ഘാടനം ചെയ്ത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി റവ.ഡോ.കെ.സി ജോൺ മുഖ്യ സന്ദേശം നൽകി. സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ സഭയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് പ്രസ്താവന നടത്തുകയും അതിന്മേലുള്ള ചർച്ചകളും സമ്മേളനത്തിൽ നടന്നു. പാസ്റ്റർ സി.സി.എബ്രാഹം സ്വാഗതവും ട്രഷറാർ ബ്രദർ ജോയി താനുവേലിൽ നന്ദിയും പ്രകാശിപ്പിച്ചു.

# ആത്മമാരി മിനിസ്ട്രി ഐ.പി.സി പാറത്തോട് സെന്ററിൽ പഠനോപകരണങ്ങൾ വിതരണം ചെയ്തു.



യു. കെ. അയർലന്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോർജ്ജ് വിതരണോത്ഘാടനം നിർവ്വഹിക്കുന്നു.

മുണ്ടക്കയം: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ പാറത്തോട് സെന്ററിലുള്ള എൺപത്തി ആറിൽപരം സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് 2017 മെയ് 24 ന് മുണ്ടക്കയം ഐ.പി.സി പ്രെയർ സെന്ററിൽ നടന്ന പ്രത്യേക സമ്മേളനത്തിൽ വിതരണം ചെയ്തു. ഐ.പി.സി യു.കെ.അയർലന്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോർജ്ജ് വിതരണോത്ഘാടനം നിർവ്വഹിച്ചു. ഐ.പി.സി ജനറൽ കൗൺസിൽ അംഗവും പ്രബോധനം മാസികയുടെ പത്രാധിപനുമായ പാസ്റ്റർ സുധർശനൻ പിള്ള അനുഗ്രഹ പ്രഭാഷണം നടത്തി. ഇടയലേഖനം പത്രാധിപൻ പാസ്റ്റർ ഷാജി അലിമുക്ക്, മൗണ്ട് ബെഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ ജയറാണി പാസ്റ്റർ പി. ജെ. മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. സെന്റർ സൺഡേസ്കൂൾസൂപ്രണ്ട് പാസ്റ്റർ ഷിജുമോൻ വി.പി സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ സാംകുട്ടി ജയിംസ് സ്വാഗതവും, സാൻ വി.അച്ചൻകുഞ്ഞ് നന്ദിയും പ്രകാശിപ്പിച്ചു. പാസ്റ്റർ ഷൈജു, പാസ്റ്റർ അനിൽ എന്നിവർ ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി.

# ഐ.പി.സി ദ്വാരക കൺവൻഷൻ സമാപിച്ചു



ഐ.പി.സി ദ്വാരകാ സഭ യുടെ കൺവൻഷനിൽ പാസ്റ്റർ ബെഥേൽ പി.ജേക്കബ് പ്രസംഗിക്കുന്നു. പാസ്റ്റർ തോമസ് സാമുവേൽ പരിഭാഷപ്പെടുത്തുന്നു. പാസ്റ്റർമാരായ സാം തോമസ് പി.സി ഷാജി എന്നിവർ വേദിയിൽ

ന്യൂഡൽഹി: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ നോർത്തേൺ റീജിയൻ ദ്വാരക സഭയുടെ ആഭിമുഖ്യത്തിൽ നടന്ന കൺവൻഷൻ സെക്ടർ 19 ലുള്ള സെന്റ് മേരീസ് സ്കൂളിൽ നടന്നു. പാസ്റ്റർ ബെഥേൽ പി.ജേക്കബ് മുഖ്യ പ്രഭാഷകനായിരുന്നു. പാസ്റ്റർ ഐസക്ക് വി.ജോൺ, സഹോദരന്മാരായ സാബു പി.ജി, പോൾസൺ ജോൺ എന്നിവർ കൺവൻഷന് നേതൃത്വം നൽകി. ഐ.പി.സി ദ്വാരക ചർച്ച് ക്വയർ സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. പാസ്റ്റർമാരായ പി.സി. ഷാജി, ജോർജ്ജ് ജോൺ, ഫിലിപ്പോസ് മത്തായി, തോമസ് സാമുവേൽ എന്നിവർ പങ്കെടുത്തു.

# പഠനോപകരണങ്ങൾ വിതരണം ചെയ്തു

എരുമേലി: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ മുണ്ടക്കയം നോർത്ത് സെന്ററിലുള്ള അമ്പതിൽപരം സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് 2017 മെയ് 28 ഞായറാഴ്ച 23 ന് നടന്ന പ്രത്യേക സമ്മേളനത്തിൽ വച്ച് പഠനോപകരണങ്ങൾ വിതരണം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ സെന്റർ മിനിസ്റ്റർ പാസ്റ്റർ വർഗ്ഗീസ് കോശി അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർ ബാബു കൈതമറ്റം അനുഗ്രഹ പ്രഭാഷണം നടത്തി. പാസ്റ്റർമാരായ പി. എം. ജോൺ, വി. എം. മാത്യു എന്നിവർ നേതൃത്വം നൽകി.

# സുവിശേഷ പ്രവർത്തനം

കുറവിലങ്ങാട്: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ കുറവിലങ്ങാട് സെന്റർ ഇവാഞ്ചലിസം ബോർഡിന്റെയും സോദരീ സമാജത്തിന്റെയും സംയുക്ത സുവിശേഷ പ്രവർത്തനം ജൂൺ 20 ന് പട്ടിത്താനം സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടും.

# പാസ്റ്റേഴ്സ് ഫാമിലി കോൺഫ്രൻസ്

എരുമേലി: ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ മുണ്ടക്കയം നോർത്ത് സെന്ററിന്റെ പാസ്റ്റേഴ്സ് ഫാമിലി കോൺഫറൻസ് 2017 മെയ് രാവിലെ 10 മുതൽ 1.30 വരെ മുക്കട കൂവക്കാട് ഐ.പി.സി പ്രെയർ സെന്ററിൽ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ വർഗ്ഗീസ് കോശി അദ്ധ്യക്ഷത വഹിച്ച കോൺഫ്രൻസിൽ പാസ്റ്റർ വർഗ്ഗീസ് എബ്രഹാം പ്രസംഗിച്ചു. പാസ്റ്റർമാരായ സണ്ണി ഡേവിഡ്, വി.എം.മാത്യു എന്നിവർ നേതൃത്വം നൽകി.

# കൺവൻഷൻ

തിരുവല്ല: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ തിരുവല്ല സെന്ററിന്റെയും ഇവാഞ്ചലിസം ബോർഡിന്റെയും, ഇമ്മാനുവേൽ മേപ്രാൽ വെസ്റ്റ് സഭയുടെയും ആഭിമുഖ്യത്തിൽ തിരുവചനമാരിയും സംഗീത സായാഹ്നവും 2017 മെയ് 19–ാം തീയതികളിൽ നടന്നു. പാസ്റ്റർ പി.വി ഐസക്ക് ഉത്ഘാടനം ചെയ്തു. പാസ്റ്റർമാരായ കെ.സി.ജോൺ വി.പി.ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ചാക്കോ ജോൺ, മാത്യു ജോർജ്ജ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. ഹീലിംഗ് മെലഡീസ് സംഗീത ശുശ്രൂഷ നടത്തി.

# ഐ.പി.സി ദോഹ ഫെയ്ത്ത് സെന്റർ പി.വൈ.പി.എ യുടെ പ്രവർത്തനങ്ങൾ പ്രശംസനീയം

– പാസ്റ്റർമാത്യു പി.ഡേവിഡ്

പീരുമേട്: സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന നിർദ്ധനരും നിരാലംബരുമായവരെ നമുക്കു കൈത്താങ്ങാൻ കഴിയുന്നില്ലെങ്കിൽ അതു ക്രിസ്തുവിന്റെ തത്വങ്ങളെ അവഗണിക്കുന്നതിന് തുല്യമാണ്. ക്രിസ്തു തത്വങ്ങൾ പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിലുപരി പ്രായോഗിക ജീവിതത്തിലൂടെ സമൂഹത്തിൽ വെളിപ്പെടുത്തിക്കാണിക്കുവാൻ വിശ്വാസികൾ തയ്യാറാകണം. പാമ്പനാർ ഐ.പി.സി ഇമ്മാനുവേൽ വർഷിപ്പ് സെന്ററിൽ 2017 മെയ് 21 ന് ദോഹ ഫെയ്ത്ത് സെന്റർ പി.വൈ.പി.എ സംഘടിപ്പിച്ച വിദ്യാഭ്യാസ സഹായവിതരണം ഉത്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പാസ്റ്റർ മാത്യു പി.ഡേവിഡ്. വർഷങ്ങളായി ഐ.പി.സി ദോഹ ഫെയ്ത്ത് സെന്റർ പി.വൈ.പി.എ ചെയ്തുവരുന്ന ഈ പ്രവർത്തനങ്ങൾ വിലമതിക്കപ്പെട്ടതുംപ്രശംസനീയവുമാണെന്ന് പാസ്റ്റർ മാത്യു പി.ഡേവിഡ് കൂട്ടിച്ചേർത്തു. പ്രസ്തുത സമ്മേളനത്തിൽ പാസ്റ്റർ എം.എം.ബേബിച്ചൻ അദ്ധ്യക്ഷത വഹിച്ചു. ബ്രദർ ജേക്കബ്ബ്, പാസ്റ്റർ കെ.കെ.ഉണ്ണി, ലിസി ജേക്കബ്ബ്, ഫേബാ ജേക്കബ്. എന്നിവർ ആശംസകൾ അറിയിച്ചു. പാമ്പനാർ കേന്ദ്രീകരിച്ച് എസ്റ്റേറ്റ് മേഖലകളിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അൻപത് പേർക്ക് ബാഗ്, ത്രീ ഫോൾഡ് കുട, നോട്ട് ബുക്ക്, ഇൻസ്ട്രമെന്റ് ബോക്സ്, ടിഫിൻ ബോക്സ്, പെൻ എന്നിവയടങ്ങിയ ആയിരത്തി അഞ്ഞൂറോളം രൂപ വില മതിക്കപ്പെട്ട കിറ്റുകൾ സഹായമായി നൽകി പാസ്റ്റർമാരായ ഷൈജു ബെന്നി മോഹൻദാസ്, ബ്രദർ ജസ്റ്റിൻ മോനിച്ചൻ എന്നിവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

# ഏകദിന അധ്യാപക ക്യാമ്പ്

കട്ടപ്പന: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ ഹൈറേഞ്ച് മേഖലാ സൺഡേസ്കൂൾ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 2017 ജൂലൈ 15 ന് രാവിലെ 10 മുതൽ ഉപ്പുതറ ഐ.പി.സി ഹെബ്രോൻ ചർച്ചിൽവച്ച് ഏകദിനക്യാമ്പ് നടക്കും. ഹൈറേഞ്ച് മേഖലാ പ്രസിഡന്റ് പാസ്റ്റർ കെ.വി.വർക്കി ഉത്ഘാടനം ചെയ്യുന്നക്യാമ്പിൽ പാസ്റ്റർ സാജു സി ജോസഫ് ക്ലാസ്സുകൾ നയിക്കും

# ഏകദിന ഉപവാസ പ്രാർത്ഥന

കോട്ടയം: ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ പൊൻകുന്നം സെന്ററിന്റെ ആഭിമുഖ്യത്തിൽ ജൂൺ 25 നു തിരുവഞ്ചൂർ എബനേസർ ഹാളിൽ ഏകദിന ഉപവാസ പ്രാർത്ഥന നടക്കും. സഭാ പ്രതിനിധികളും ശുശ്രൂഷക കുടുംബവും പങ്കെടുക്കുന്ന ഈ യോഗത്തിൽ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ഇ.റ്റി.കുഞ്ഞുമോൻ പ്രസംഗിക്കും.

Regd. NEWS PAPER
Reg. No: KERMAL/2011/14850
Annual Subscription Rs.100 Only
Ph: 9447572522, 9947891958

# ATHMAMARI
The Christian News Paper

ATHMAMARI
Velanilam P.O, Koottickal
Kottayam District, Kerala State
E-mail:athmamarimdkm@gmail.com

Volume 2 | Issue 4 | Reg.No. KERMAL/2011/14850 | Mundakayam | Annual Subscription Rs.100 | Pages:8

# അറവുശാലയിലെ മൃഗസ്നേഹം



സജി നെടുംങ്കണ്ടം

ആർഷ ഭാരത സംസ്കാരത്തിൽ അഭിമാനംകൂറുന്ന മാനവത സർവ്വ മതസ്തർക്കും ഏകോദരസഹോദരങ്ങളെപ്പോലെ കഴിയാൻ തക്ക ആരാധന സ്വാതന്ത്ര്യവും അംഗീകരിച്ച് നൽകിയിട്ടുള്ള നമ്മുടെ നാട് ജാതി, മത, വർണ്ണ, വർഗ്ഗ വ്യത്യാസമന്യേ ഒരൊറ്റ അമ്മ പെറ്റമക്കളേപ്പോലെ പുലരാൻ ലഭിച്ചുകഴിഞ്ഞ കാലപ്രഭാതങ്ങൾ ഇവിടെ അസ്തമിക്കുവാൻ പോകുന്നോ എന്നൊരു സന്ദേഹം. നാടിന്റെ നന്മയും പ്രജകളുടെ ക്ഷേമവും മുൻ നിർത്തി നടത്തിയിരുന്ന രാജ ഭരണമിന്ന് ജനാധിപത്യത്തിന് വഴിമാറിയിട്ട് കാലങ്ങളേറെയായി. ഏകാധിപതികൾ നാടുവാണിരുന്ന കാലങ്ങൾ കഴിഞ്ഞു. ഇന്ന് ജനങ്ങൾക്ക് ആധിപത്യമുള്ളഭരണം നടക്കുന്നത് നാടിന്റെ യശസ്സ് ഉയർത്താനും പ്രജകളുടെ ക്ഷേമം ലക്ഷ്യംവച്ചുള്ളതുമാണ്. രാജ്യത്തിന്റെ പുരോഗതിയും ലോകരാജ്യങ്ങൾക്കുമുമ്പിൽ തല ഉയർത്താനും ഭാരതത്തിന് ഒരു ഭരണ മാറ്റം ആവശ്യമെന്ന് പ്രചരിപ്പിച്ചുകൊണ്ട് ബി.ജെ.പി അധികാരത്തിൽ വരികയും ശ്രീ നരേന്ദ്രമോദി പ്രധാന മന്ത്രിസ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. മൂന്നു വർഷം തികഞ്ഞ ഭരണ സാരഥ്യം നാം വിലയിരുത്തിയാൽ പുരോഗതിയ്ക്ക് ഒപ്പം ന്യൂനപക്ഷം ഇവിടെ കൂട്ടത്തോടെ പീഡനത്തിന് ഇരയാകുന്നു എന്നതും വ്യക്തമാണ്. സമസ്ഥമേഖലയിലും ഊർജ്ജസ്വലനായ ഒരു പ്രധാനമന്ത്രിയെയാണ് ഭാരത ജനത അധികാരത്തിൽ എത്തിച്ചത്. എന്നാൽ ബീഫ് നിരോധനം നടപ്പിൽ വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ച സംഭവം സത്യസന്തമായി വിലയിരുത്തിയാൽ ഉദ്ധേശ ശുദ്ധിയിൽ ആശങ്കയുണ്ട്. മൃഗസംരക്ഷണത്തിനാണോ അതോ മാനുഷിക മൂല്യങ്ങൾക്കാണോ ഭരണപക്ഷം എക്കാലത്തും പ്രാധാന്യം കല്പ്പിക്കേണ്ടത്. ജനക്ഷേമം മുൻ നിർത്തിയുള്ള ഭരണം കാലഘട്ടത്തിന്റെ ആവശ്യമാണ്. ദാരിദ്ര്യം, തൊഴിൽ ഇല്ലായ്മ, പാർപ്പിടം, ഇത്യാദികാര്യങ്ങൾക്ക് നമ്മെ ഭരിക്കുന്നവർ എത്രമാത്രം പ്രാധാന്യം നൽകുന്നുവെന്ന് വിലയിരുത്തണം. വൻകിടക്കാരെ വളരാൻ അനുവദിക്കുന്ന നയങ്ങൾ മാത്രമേ ഉദിച്ചിട്ടുള്ളു.

ഭാരതത്തിൽ നരസ്നേഹികളുടെ എണ്ണം കുറയുകയും, മൃഗസ്നേഹികളുടെ എണ്ണം പെരുകുകയുമാണ് ചെയ്യുന്നത്. സത്യത്തിൽ മാനുഷിക മൂല്യങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് കാട്ടു മൃഗങ്ങൾക്കും വളർത്തു മൃഗങ്ങൾ ക്കും ഉള്ള ക്ഷേമ പ്രവർത്തികൾ ഇവിടെ നടപ്പിൽ വരുത്തുന്നു. സഹജീവികളെ സംരക്ഷിക്കേണ്ടത് അത്യാവശ്യം തന്നെയാണ്. എന്നാൽ അത് മാനുഷിക മൂല്യങ്ങളെ മറന്നുകൊണ്ടാകരുത് എന്നു മാത്രം. കന്നുകാലികളെ അറുത്ത് ഭക്ഷിക്കുന്നത്കാലങ്ങളായി അനുവർത്തിച്ചുവരുന്ന രാജ്യങ്ങളിൽ മറ്റ് സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ തേ ടാതെ ബീഫ് നിരോധനം നടപ്പിൽ വരുത്തുന്നത് എന്തോ രഹസ്യ അജണ്ടയുടെ ഭാഗമാണ് എന്ന് സംശയിക്കേണ്ടി ഇരിക്കുന്നു. മതന്യൂനപക്ഷങ്ങളെ വരുതിയിൽ നിർത്താനും വർഗ്ഗീയ ചേരിതിരിവുകൾ ഉണ്ടാക്കി കലാപങ്ങൾ സൃഷ്ടിക്കുവാനുമുള്ള ബോധപൂർവ്വ തീരുമാനം എന്നേ ഇതിനെ കാണാൻ കഴിയൂ. മുസ്ലീം സമൂഹത്തിന്റെ റംസാൻ വൃതം തുടങ്ങിയ അന്നുതന്നെ ഈ തീരുമാനം വന്നതിൽ നിന്ന് ഒരു ഹിഡൻ അജണ്ട ഉണ്ട് എന്നുപറയുന്നതിൽ തെറ്റ് ഉണ്ട് എന്നു തോന്നുന്നില്ല. ബലിപ്പെരുന്നാളിനോട് അനുബന്ധിച്ച് മുസ്ലീം സഹോദരങ്ങൾക്ക് നിരവധി മൃഗങ്ങളെ അറുക്കേണ്ടതുണ്ട്. ഇവിടുത്തെ മതന്യൂനപക്ഷങ്ങളുടെ ആശങ്കയും അവകാശങ്ങളും ഭരണപക്ഷമാണ് മറുപടി പറയേണ്ടത്. കന്നുകാലി കർഷകരെയും മാംസവ്യാപാരികളെയും ഒരുപോലെ ബാധിക്കുന്ന ഇത്തരം തീരുമാനങ്ങൾ പുനപരിശോധിക്കേണ്ടതുണ്ട്. ജനങ്ങളുടെ ക്ഷേമം നാടിന്റെ നന്മ ഇത് കാലാകാലങ്ങളിൽ ഭരിക്കുന്ന കക്ഷികളുടെ ഉത്തരവാദിത്വമാണ്. തെരുവുനായെ കൊല്ലാൻ പാടില്ല എന്ന നിയമം മൃഗസ്നേഹികൾക്ക് സന്തോഷം നൽകുന്നെങ്കിലും പേപ്പട്ടികൾ കടിച്ചുകീറി കൊന്നവരുടെ കുടുംബാംഗങ്ങൾ അത്പുഛിച്ചുതള്ളും. കാരണം മാനുഷിക മൂല്യങ്ങൾക്ക് പുല്ലുവില എന്ന സിദ്ധാന്തം ഇവിടെ കുറെ നരഭോജികളെ സൃഷ്ടിക്കാനെ ഉതകൂ. മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഭരണപക്ഷം മൃഗക്ഷേമം മാത്രം മുന്നിൽകണ്ടുള്ള പ്രവർത്തനം അംഗീകരിക്കാൻ കഴിയുന്നതല്ല. നടപ്പിൽ വരാത്ത നിയമങ്ങളാണ് ഇവമാറും എന്ന മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെ വാക്കുകൾ തെല്ല് ആശ്വാസം പകരുന്നതാണ്. ജനക്ഷേമം മുൻനിർത്തിയുള്ള ഭരണം അതായിരിക്കണം ജനങ്ങൾ അധികാരത്തിൽ എത്തിച്ച ഭരണാധികാരികളുടെ ലക്ഷ്യം. ഇതുവരെ കേട്ടിട്ടില്ലാത്ത നയങ്ങൾ ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന നടപ ടി ശരിയല്ല എന്ന് ഭരിക്കുന്നവർ തിരിച്ചറിയണം. ഇതെല്ലാം വിരൾ ചൂണ്ടുന്ന മറ്റൊരു സത്യം ദൈവജനത്തിനെ ഗ്രഹിക്കുകയുള്ളൂ. ഇവിടെ നിലച്ചുപോയ രാജഭരണം മടങ്ങിവരാൻ പോകുന്നു. അത് നമ്മുടെ ആരാധ്യപുരുഷന്റെ ആഗമനവും പിന്നെ ആയിരം ആണ്ട് വാഴ്ചയുമാണ്. അതിന് നമ്മിൽ നടക്കേണ്ട രണ്ടുകാര്യം ഒന്നുകിൽ നമ്മുടെ മരണം അല്ലെങ്കിൽ യേശുവിന്റെ വരവ് അതിനുള്ള നാളുകൾ ആസന്നമായി എന്ന് കാലങ്ങളും കണക്കുകളും നമ്മെ പഠിപ്പിക്കുമ്പോൾ മണവാട്ടി സഭ ഉണരുക ഒരുങ്ങുക.

ബീഫ് നിരോധനവും ന്യൂനപക്ഷ പ്രീണനവും എല്ലാം വിശുദ്ധന്റെ തലയെ ഉയർത്താൻ സഹായിക്കട്ടെ. എല്ലാം ഒരു മുന്നറിയിപ്പായി കാണാൻ നാം ഇനി ശങ്കിക്കേണ്ട.




Printed, Published and Owned by : Davis Mathew Puttumackal, Velanilam P.O, Mundakayam Printed at : Rashtradeepika, Kottayam. Chief Editor Pr.Mathew P.David
Type Setting: Nice Communication, Mundakayam, Ph: 04828 273372